
ഗാന്ധിയെ ഓർക്കാം

16 ജനുവരി 2020
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില: ₹17.00

# യുറീക്ക





ജ്യോത്സ്യം ഉണ്ടായ കാലത്ത് കാറുണ്ടോ...?

ഇപ്പോൾ കൂടുതൽ സമ്മാനങ്ങളോടെ

# കാരുണ്യ
# കാരുണ്യ പ്ലസ്

ഭാഗ്യക്കുറികൾ



100%
സംസ്ഥാന ഭാഗ്യക്കുറിയുടെ ലാഭം പൂർണമായും കേരള ജനതയുടെ ആരോഗ്യ പരിരക്ഷയ്ക്ക്

## കാരുണ്യ

എല്ലാ ശനിയാഴ്ചയും

**ഒന്നാം സമ്മാനം**

**₹1 കോടി**

COMMON TO ALL SERIES

₹10 ലക്ഷം രണ്ടാം സമ്മാനം
COMMON TO ALL SERIES

₹10 ലക്ഷം മൂന്നാം സമ്മാനം
ഒരു ലക്ഷം വീതം
10 പേർക്ക്

ടിക്കറ്റ് വില ₹50

കൂടാതെ 5000,2000,1000,500,100
രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

## കാരുണ്യ പ്ലസ്

എല്ലാ വ്യാഴാഴ്ചയും

**ഒന്നാം സമ്മാനം**

**₹70 ലക്ഷം**

COMMON TO ALL SERIES

₹5 ലക്ഷം രണ്ടാം സമ്മാനം
COMMON TO ALL SERIES

₹12 ലക്ഷം മൂന്നാം സമ്മാനം
ഒരു ലക്ഷം വീതം
12 പേർക്ക്

ടിക്കറ്റ് വില ₹30

കൂടാതെ 5000,1000,500,100
രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

2020
ജനുവരി 16
വാല്യം: 41
ലക്കം: 16

# യുറീക്ക

കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക

1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly



ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

## ലേഖനങ്ങൾ

6. ആ ദീപം പൊലിഞ്ഞു : പരിഭാഷ: ഷൈല സി ജോർജ്
8. ബാലാരിഷ്ടയും ചകടാസുരനും : കെ.പാപ്പൂട്ടി
12. ഈ ടയറുകൾക്ക് എന്തിനാ കാറ്റ്? : കുമാർ പാലോട്
14. നീയെന്തിനാണാവോ ചിരിക്കുന്നത്? : പ്രസാദ് കൈതക്കൽ

## പരീക്ഷണശാല

30. വീർപ്പിച്ച ബലൂൺകൊണ്ട് കുപ്പിയെ പൊക്കാമോ? : സുരേന്ദ്രൻ ചെത്തുകടവ്

## മത്സരം

10. രാത്രിയിലെ ആകാശം : പി.രാധാകൃഷ്ണൻ ആലുവീട്ടിൽ
28. നമ്മുടെ ഗാന്ധി

## കവിത

27. പ്രളയകാലം : ഇ പി പവിത്രൻ
36. തോന്നലുകൾ : ജയദേവൻ വി ടി

## കഥ

24. നന്മകൾ പൂക്കുമിടം : പി എ അബ്ദുൽകരീം
34. ടെലിഫോൺ : ഷിബിൻ എ

## ഓർമ – യുറീക്ക @ 50

38. പാവയുണ്ട് : വി എം ഗിരിജ

## നോവൽ

32. ഭൂമിയിലെ നക്ഷത്രങ്ങൾ : പ്രേമജ ഹരീന്ദ്രൻ



കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

കത്തുകളും രചനകളും അയയ്ക്കേണ്ട വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

# മുഖക്കുറി

**ജ**നുവരി മുപ്പത്. ഇന്ത്യക്കാരായി പിറന്നവർക്കെല്ലാം ഒരിക്കലും മറക്കാനാവാത്ത ഒരു ദിവസം. വർഷങ്ങൾക്കു മുമ്പ് അന്നാണ് ഇന്ത്യയുടെ ഇടനെഞ്ചിലൂടെ മൂന്ന് വെടിയുണ്ടകൾ ചീറിക്കടന്നുപോയത്.

ഡൽഹിയിലെ ബിർലാ ഹൗസിനു മുന്നിൽ ചിറകറ്റ ഒരു പക്ഷിയെപ്പോലെ മെലിഞ്ഞ് ശുഷ്കിച്ച ഒരു വൃദ്ധശരീരം മണ്ണിലേക്ക് പതിച്ചു. തെറിച്ചുപോയ മെതിയടിയും കണ്ണടയും... ഇത്തിരി ചോര... ജനക്കൂട്ടത്തിന്റെ നിലവിളിക്കിടയിൽ നിമിഷനേരം കൊണ്ട് എല്ലാം നിലച്ചു.

അന്ന് ഇന്ത്യക്കാരോടായി പ്രധാനമന്ത്രി നെഹ്റു ഇങ്ങനെ പറഞ്ഞു. 'ഇന്ത്യയുടെ ദീപം പൊലിഞ്ഞു... നമ്മുടെ ജീവിതത്തിലെ പ്രകാശം കെട്ടു. ഈ രാജ്യത്ത് തെളിഞ്ഞു നിന്നിരുന്ന ആ പ്രകാശം വെറും സാധാരണ പ്രകാശമായിരുന്നില്ല. ഒരായിരം വർഷങ്ങൾക്കു ശേഷവും ആ പ്രകാശം രാജ്യത്ത് കാണപ്പെടും.'

വിവിധ തരത്തിലുള്ള ഭൂപ്രദേശങ്ങൾ, വിവിധ ഭാഷക്കാർ, വിവിധ വേഷക്കാർ, വിവിധ മതങ്ങളിൽ വിശ്വസിക്കുന്നവർ, വിവിധ ആചാരങ്ങൾ പാലിച്ചു പോരുന്നവർ... ഈ വൈവിധ്യങ്ങൾക്കിടയിലും അവരെയെല്ലാം ഒത്തൊരുമിപ്പിച്ച് സ്വതന്ത്ര ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് നയിച്ചവരിൽ പ്രധാനിയായിരുന്നു ഗാന്ധിജി. 1915 ൽ ഗാന്ധി ആഫ്രിക്കയിൽ നിന്ന് നാട്ടിലേക്ക് തിരിച്ചു വന്നതോടുകൂടിയാണ് ഇന്ത്യൻ നാഷനൽ കോൺഗ്രസ് ഒരു വികാരമായി ഇന്ത്യയുടെ ഗ്രാമങ്ങളിലേക്ക് പടർന്നത്; സ്വാതന്ത്ര്യസമരം കത്തിപ്പടർന്നത്.

പരസ്പരം ഭിന്നിച്ചു നിന്ന സമൂഹങ്ങളെ ഒന്നിച്ചു ചേർക്കാൻ ഗാന്ധിയോളം ശ്രമിച്ചവർ മറ്റാരുമുണ്ടാവില്ല. മുറിവുകളിൽ സ്നേഹത്തിന്റെ മരുന്നു പുരട്ടാൻ അദ്ദേഹം ശ്രമിച്ചു. ആയുധങ്ങളെടുത്ത് വെട്ടിക്കീറുന്നവർക്ക് മുന്നിൽ നിരായുധനായി സാഹോദര്യത്തിന്റെ മന്ത്രം ഉരുവിട്ടു.

ലോകം കണ്ട ഏറ്റവും വലിയ പലായനങ്ങളിൽ ഒന്നായിരുന്നു 1947 ൽ ഇന്ത്യാ പാക്ക് വിഭജനത്തെ തുടർന്നുണ്ടായത്. പത്തുലക്ഷത്തോളം മനുഷ്യജീവനുകളാണ് അന്ന് വർഗീയ ലഹളകളിലൂടെ നഷ്ടപ്പെട്ടത് എന്ന് കരുതുന്നു. അതുവരെ അയൽക്കാരായിരുന്നവർ പോലും പരസ്പരം വെട്ടിയും കീറിയും ചത്തു. തലസ്ഥാനമായ ഡൽഹിയുടെ തെരുവുകളിൽ, ഗോതമ്പു പാടങ്ങളുടെ നാടായ പഞ്ചാബിൽ, എഴുത്തുകാരുടെ നാടായ കൽക്കത്തയിൽ, വ്യവസായ നഗരമായ മുംബെയിൽ... ശവങ്ങൾ നിറയാത്ത സ്ഥലങ്ങളുണ്ടായിരുന്നില്ല. എന്തു ചെയ്യണമെന്നറി

**പംക്തികൾ**


15. പദപ്രശ്നം
18. പീക്കിരി.ഇൻ
22. കാഴ്ചപ്പുറം
40. ഞാറ്റടി
42. യു–മെയിൽ


**കവർ**

വെങ്കി

അറിവ് ആഹ്ലാദമാക്കിയ അമ്പത് വർഷങ്ങൾ


വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.kssppublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ


**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട്–673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.

**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ), എം ദിവാകരൻ (മാനേജിങ് എഡിറ്റർ), അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ–ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.

# വെളിച്ചം അണഞ്ഞ ദിനം




യാതെ പട്ടാളവും ഭരണാധികാരികളും വിറങ്ങലിച്ചു നിന്ന നാളുകളിൽ അഹിംസയുടെ ദൂതുമായി വൃദ്ധനായ ഗാന്ധി ജനങ്ങൾക്കിടയിലൂടെ നടന്നു.

സ്വാതന്ത്ര്യം നേടിയതിന്റെ ആഘോഷങ്ങളിൽ പങ്കുചേരാതെ, ഇന്ത്യ വെട്ടിമുറിക്കപ്പെട്ടതിന്റെ വേദനയുമായി ബംഗാളിലെ നവാഖാലി എന്ന ഗ്രാമത്തിലായിരുന്നു അക്കാലത്ത് ഗാന്ധി. ബംഗാളിൽ ലഹള വ്യാപിക്കാതെ തടഞ്ഞുനിർത്താൻ ഗാന്ധിക്കു കഴിഞ്ഞു. എന്നാൽ മറ്റുള്ള ഇടങ്ങളിൽ ഇതായിരുന്നില്ല സ്ഥിതി. 'പഞ്ചാബിൽ നമുക്ക് 55000 പട്ടാളക്കാരുണ്ട്. പക്ഷേ, അവിടെ വൻതോതിലുള്ള ലഹളകൾ നടന്നുകൊണ്ടിരിക്കുന്നു. ബംഗാളിലാകട്ടെ, നമ്മുടെ സേനയിൽ ഒരേ ഒരാളാണുള്ളത്. അവിടെ ലഹളയൊട്ടില്ലതാനും.' സ്വതന്ത്ര ഇന്ത്യയുടെ ആദ്യ ഗവർണർ ജനറലായിരുന്ന മൗണ്ട്ബാറ്റൻ പ്രഭു അങ്ങനെയാണ് ഗാന്ധിയുടെ ഇടപെടലിനെക്കുറിച്ച് പറഞ്ഞത്.

ഹിന്ദു– മുസ്ലീം സാഹോദര്യത്തിനായി ഗാന്ധി എക്കാലവും ഉറച്ചുനിന്നു. ഒടുവിൽ അതിനായി കഠിനമായ നിരാഹാരവും അനുഷ്ഠിച്ചു. മറ്റു വഴികളില്ലാതെ എല്ലാ വിഭാഗക്കാരും അദ്ദേഹത്തിന്റെ മുന്നിൽ വെച്ച് ഒത്തുതീർപ്പിന് തയ്യാറായി. പക്ഷേ, അദ്ദേഹത്തിന്റെ ജീവൻ തന്നെ നഷ്ടപ്പെടാൻ അത് ഇടയാക്കി.

അതി ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തിലൂടെ രാജ്യം ഇന്ന് കടന്നുപോവുകയാണ്. വീണ്ടും വെറുപ്പിന്റെ ശക്തികൾ ഉയിർത്തെഴുന്നേൽക്കുമ്പോൾ, ജനങ്ങളെ ഭിന്നിപ്പിക്കാൻ നോക്കുമ്പോൾ, രാജ്യത്തെ ഛിന്നഭിന്നമാക്കാൻ ശ്രമിക്കുമ്പോൾ... അരുത് എന്ന് പറയാൻ പോലും നമുക്ക് കഴിഞ്ഞില്ലെങ്കിൽ.. നിങ്ങളാലോചിച്ചു നോക്കൂ...


**യുറീക്കാ മാമൻ**

# ആ ദീപം പൊലിഞ്ഞു

**ലോകത്തെ ഒന്നാകെ ഞെട്ടിച്ച സംഭവമായിരുന്നു ഗാന്ധിവധം. ഇന്ത്യക്കാർക്കത്  ഒരിക്കലും ഉൾക്കൊള്ളാനാവാത്ത യാഥാർത്ഥ്യവും. രാജ്യം ഞെട്ടി വിറങ്ങലിച്ച നിമിഷങ്ങൾ...**

**ഗാന്ധിയുടെ വിയോഗം രാജ്യമൊട്ടാകെ അറിയിച്ചത് ജവഹർലാൽ നെഹ്റു ആകാശവാണിയിലൂടെ രാജ്യത്തോട് സംസാരിച്ചു. എനിക്കതിനാവില്ല എന്ന് വിലപിച്ച നെഹ്റു ഒട്ടുവിൽ പ്രധാനമന്ത്രി എന്ന നിലയിൽ ആ ഉത്തരവാദിത്തം ഏറ്റെടുക്കുകയായിരുന്നു.**

**തളർന്ന ശബ്ദത്തിൽ അന്ന് അദ്ദേഹം നടത്തിയ പ്രക്ഷേപണത്തിന്റെ ആദ്യഭാഗമാണ് ഇവിടെ.**




സുഹൃത്തുക്കളേ, സഖാക്കളേ..

നമ്മുടെ ജീവിതത്തിൽ നിന്ന് വെളിച്ചം കെട്ടു പോകുകയും, ഇരുട്ട് നിറയുകയും ചെയ്തിരിക്കുന്നു. എന്താണ്, എങ്ങനെയാണ് നിങ്ങളോട് ഇത് പറയേണ്ടത് എന്നെനിക്കറിയില്ല. ബാപ്പു എന്ന് നമ്മൾ വിളിച്ചു പോന്ന പ്രിയങ്കരനായ നമ്മുടെ നേതാവ്, നമ്മുടെ രാഷ്ട്രപിതാവ് ഇനിയില്ല. ഒരു പക്ഷേ, എനിക്ക് തെറ്റിയിരിക്കാം. എങ്കിലും ഇത്രകാലവും ഉണ്ടായിരുന്നതുപോലെ അദ്ദേഹം നമ്മോടൊപ്പം ഇനി ഉണ്ടാകില്ല. ഇനിയൊരിക്കലും ഉപദേശത്തിനായോ സാന്ത്വനത്തിനായോ അദ്ദേഹത്തിന്റെ അടുക്കലേക്ക് ഓടിച്ചെല്ലാൻ പറ്റില്ല. ഇതൊരു കനത്ത പ്രഹരമാണ്. എനിക്ക് മാത്രമല്ല, നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കായ

ജനങ്ങൾക്കേറ്റ വലിയ പ്രഹരം. ഇതിന്റെ ആഘാതം ലഘൂകരിക്കാൻ എന്റെയോ മറ്റാരുടെയെങ്കിലുമോ വാക്കുകൾ മതിയാകില്ല.

വെളിച്ചം അണഞ്ഞുപോയി എന്ന് ഞാൻ പറഞ്ഞു. എനിക്ക് തെറ്റി. കാരണം, നമ്മുടെ രാജ്യത്തെ പ്രകാശഭരിതമാക്കിയിരുന്ന ആ വെളിച്ചം സാധാരണ ഒന്നായിരുന്നില്ല. ഇക്കാലമത്രയും ഈ രാജ്യത്ത് പ്രഭ പടർത്തിയ അത് ഇനിയും ഏറെ വർഷങ്ങൾ ജ്വലിച്ചുകൊണ്ടിരിക്കും. അത് കഴിഞ്ഞ് ഒരായിരം വർഷങ്ങൾക്ക് ശേഷവും നമ്മുടെ രാജ്യത്ത് ആ പ്രകാശം കാണപ്പെടുകയും ലോകത്തിൽ അസംഖ്യം ഹൃദയങ്ങൾക്ക് അത് ആശ്വാസം പകരുകയും ചെയ്യും. കാരണം സമീപകാലത്തെ മാത്രമല്ല ആ പ്രകാശം പ്രതിനിധീകരിച്ചത്. നാശമില്ലാത്ത സത്യം, ശരിയായ പാത എന്നിവയിലൂടെ ജീവിക്കുകയും തെറ്റുകളിൽ നിന്ന് നമ്മെത്തന്നെ മോചിപ്പിക്കുകയും നമ്മുടെ പുരാതന രാജ്യത്തെ സ്വാതന്ത്ര്യത്തിലേക്ക് ഉയർത്തുകയും ചെയ്യാൻ അതിന് കഴിഞ്ഞു.

ഒരുപാട് കാര്യങ്ങൾ ചെയ്യാൻ ബാക്കി നിൽക്കവേയാണ് അദ്ദേഹം യാത്രയായത്. അദ്ദേഹത്തിന് ഇനി ഒന്നും ചെയ്യാനില്ല എന്ന് കരുതാൻ ആവില്ല. പ്രത്യേകിച്ച് ഏറ്റവുമധികം ബുദ്ധിമുട്ടുകൾ നാം അഭിമുഖീകരിക്കുന്ന ഈ കാലയളവിൽ അദ്ദേഹം കൂടെയില്ല എന്നത് നമുക്കേറ്റ വലിയ അടിയാണ്.

ഒരു ഭ്രാന്തൻ അദ്ദേഹത്തിന്റെ ജീവിതം അവസാനിപ്പിച്ചു. അയാളെ ഭ്രാന്തനെന്നു വിളിക്കാനേ എനിക്ക് കഴിയൂ. എങ്കിലും, കഴിഞ്ഞ കുറേ കാലങ്ങളായി നമ്മുടെ രാജ്യത്ത് വിഷം പടർന്നിട്ടുണ്ട്. അത് ജനങ്ങളെ ബാധിച്ചിട്ടുമുണ്ട്. നമ്മെ ഗ്രസിച്ച ഈ വിഷത്തെ, നമ്മുടെ നേതാവ് നമ്മെ പഠിപ്പിച്ച രീതിയിൽ തന്നെ, ഭ്രാന്തമോ നീചമോ അല്ലാത്ത മാർഗങ്ങളിലൂടെ, ഉന്മൂലനം ചെയ്യേണ്ടതുണ്ട്.


ആദ്യമായി നാം ഓർക്കേണ്ടത് ദേഷ്യം കൊണ്ട് നാം നമ്മെ മറക്കരുത് എന്നതാണ്. നാം ദുർബലരാകരുത്. ശക്തരായ, നിശ്ചയദാർഢ്യമുള്ള ജനതയായി നമ്മൾ പെരുമാറണം. ഏത് അപകടത്തെയും നേരിടാൻ സന്നദ്ധരായിരിക്കണം. അദ്ദേഹം നമ്മെ പഠിപ്പിച്ചതിൽ നിന്ന് വ്യതിചലിച്ച്, ഹിംസയിലോ അനീതിയിലോ നാം വ്യാപരിക്കുന്നത്, ഞാൻ വിശ്വസിക്കുന്നത് പോലെ നമ്മെ കാണുന്ന അദ്ദേഹത്തിന്റെ ആത്മാവ് ക്ഷമിക്കുകയില്ല.

നാം ദുർബലരാകണമെന്ന് അതിനർത്ഥമില്ല. മറിച്ച്, ശക്തികൊണ്ടും ഒരുമകൊണ്ടും നമ്മുടെ പ്രതിസന്ധികളെ അതിജീവിക്കണം. നമുക്കിടയിലെ നിസ്സാരമായ വഴക്കുകളും ബുദ്ധിമുട്ടുകളും ഈ വലിയ ദുര്യോഗത്തിന് മുൻപിൽ ഇല്ലാതായിത്തീരണം. ജീവിതത്തിലെ വലിയ കാര്യങ്ങൾ ഓർക്കാനും വലുതെന്നു നാം കരുതിയ ചെറിയ കാര്യങ്ങൾ പോട്ടെയെന്നു വെയ്ക്കാനുമുള്ള ദൃഷ്ടാന്തമാണ് ഈ ദുരന്തം. തന്റെ മരണം കൊണ്ട് അദ്ദേഹം നമ്മെ ജീവിതത്തിലെ വലിയ കാര്യങ്ങൾ, ജീവസ്സുള്ള സത്യങ്ങൾ, ഓർമിപ്പിക്കുന്നു. അത് നാം മറക്കാതിരുന്നാൽ, ഇന്ത്യ പുലരും....

(പരിഭാഷ– ഷൈല സി ജോർജ് )



*നെഹ്റുവിന്റെ സന്ദേശം അതിന്റെ പൂർണരൂപത്തിൽ, അദ്ദേഹത്തിന്റെ തന്നെ ശബ്ദത്തിൽ കേൾക്കാനായി ഇവിടെ സ്കാൻ ചെയ്യൂ..*



കെ പാപ്പൂട്ടി

ചിത്രീകരണം: കെ.സതീഷ്

# ബാലാരിഷ്ടയും ചകടാസുരനും

"എന്താ കുഞ്ഞുണ്ണ്യാരേ ഇങ്ങനെ അണ്ടിപോയ അണ്ണാനെപ്പോലെ ഇരിക്കണെ?"

"എന്തു പറയാനാ കൃഷ്ണക്കുറുപ്പേ, രാവിലെ ആ ചന്തുപ്പണിക്കരെ അടുത്തൊന്നുപോയി. മോൾക്ക് ഒരു കുഞ്ഞു പിറന്നപ്പം ഒരു നല്ല ജ്യോത്സ്യനെക്കൊണ്ട് ജാതകം എഴുതിക്കാന്ന് കരുതി."




"പഴയ ചന്തുപ്പണിക്കരൊന്നല്ലിപ്പം, ചന്ദ്രസേനപ്പണിക്കരാ. കമ്പ്യൂട്ടർ ജാതകം ആന്റ് വാസ്തു കൺസൾട്ടന്റ് എന്ന ഇന്റർനാഷനൽ സ്ഥാപനത്തിന്റെ ഉടമ. ഗൾഫിലേക്കൊക്കെ ഇടയ്ക്കിടെ വിമാനത്തില് പറക്കും. എ.സി. റൂമിലാ കൺസൾട്ടേഷൻ."

"തന്നെ തന്നെ. ആയിരം ഉറുപ്യേം പോയി, മനസ്സമാധാനോം പോയ്ക്കിട്ടി."


"ഉം... അതെന്തുപറ്റി? ജാതകദോഷം ഉണ്ടോ?"

"കർക്കടകലഗ്നാ പോലും. കർക്കടം പൃഷ്ഠോദയ രാശിയാത്രേ. പോരാത്തേന് കേതു ലഗ്നത്തിലും. തൽക്കാലം പേടിക്കാനൊന്നും ഇല്ല. പക്ഷേ, 16 വയസ്സുമുതൽ 9 കൊല്ലം സൂക്ഷിക്കണമത്രേ."

"എന്തു കാര്യത്തിലാ സൂക്ഷിക്കണ്ടത്?"

"ശകടത്തെ സൂക്ഷിക്കണത്രെ. വാഹനാപകടം. 16 വയസ്സില് കേതുവിന്റെ ദശ തുടങ്ങും. മോട്ടോർസൈ

**ജ്യോത്സ്യം ഉണ്ടായ കാലത്ത് കാറും ഇല്ല, മോട്ടോർസൈക്കിളും ഇല്ല. ആകെയുള്ളത് കാളവണ്ടീം കുതിരവണ്ടീം ആണ്.**




ക്കിളാണത്രെ ശകടാസുരനായി വരിക."

"ഓ, അത്രേ ഉള്ളോ? ഇനി 16 കൊല്ലം കഴിഞ്ഞാ കുട്ടികള് മോട്ടോർസൈക്കിള് തന്ന്യാ ഓടിക്ക്യാന്ന് ആരാ കുഞ്ഞുണ്യാരേ പറഞ്ഞേ? കാലം എത്ര വേഗാ മാറുന്നെ! അന്ന് പറക്കുന്ന മോർട്ടോർസൈക്കിളാവില്ലേ കുട്ടികൾ ഓടിക്ക്യ – അല്ല പറപ്പിക്ക്യ? അതാകുമ്പം റോഡും വേണ്ട, സിഗ്നലും വേണ്ട. ഏത് ഉയരത്തിലും പറക്കാലോ. 100 കിലോമീറ്റർ സ്പീഡിൽ പോകണോര് 200 മീറ്റർ ഉയരത്തിൽ പറക്കട്ടെ. 150 കിലോമീറ്റർ സ്പീഡ് വേണ്ടോര് 300 മീറ്റർ ഉയരത്തിൽ പറക്കട്ടെ. അതിനൊക്കെ നിയമം വേണംന്ന് മാത്രം. പറക്കുന്ന ആൾ അതൊന്നും അറിയണ്ട ആവശ്യം തന്നെ ഉണ്ടാവില്ല. എല്ലാം കമ്പ്യൂട്ടർ ചെയ്തോളും."

"നിങ്ങക്കെന്താ പെരാന്തായോ കൃഷ്ണക്കുറുപ്പേ?"

"പെരാന്തൊന്ന്വല്ല. കുഞ്ഞുണ്യാരേ. വരാൻ പോണ കാറിന്റെ പരസ്യം കണ്ടില്ലേ? പെട്രോളും വേണ്ട, ഡീസലും വേണ്ട. എല്ലാം ബാറ്ററീല്. ബാറ്ററി തീർന്നാ റീചാർജിംഗ് സ്റ്റേഷനിൽ ചെല്ല്വ, പഴയ ബാറ്ററി അവിടെ കൊടുത്ത് പുതിയ ബാറ്ററി എടുത്ത് പോവ്വ. അത് അഞ്ച് കൊല്ലത്തിനുള്ളിൽ വരും. 10 കൊല്ലം കഴിയുമ്പം ഡ്രൈവറില്ലാത്ത കാറ് വരും. കമ്പ്യൂട്ടറാ ഓടിക്ക്യാ. കേറി ഇരുന്ന് എങ്ങോട്ട് പോണംന്ന് പറഞ്ഞാ മതി. കുറുക്കൻ കുന്നിലെ ലക്ഷ്മിക്കുട്ടീടെ വീട്ടിലേക്ക് വിട് ന്ന പറഞ്ഞാ കാർ അങ്ങോട്ട് വിട്ടും. സ്പീഡ് പോരാന്ന് പറഞ്ഞാ കൂട്ടും. ഇനീം കൂട്ടണംന്ന് പറഞ്ഞാ ലക്ഷ്മിക്കുട്ടി വേണോ ആസ്പത്രി വേണോന്ന് ചോദിക്കും."

"ഇതൊക്കെ നിങ്ങടെ ഭാവനയല്ലേ കൃഷ്ണക്കുറുപ്പേ?"

"ഇപ്പം ഭാവനയാ, നാളെ യാഥാർഥ്യമാകും. ഒരു മണ്ടൻ ജ്യോത്സ്യൻ പറഞ്ഞ വിഡ്ഢിത്തങ്ങളും ഓർത്ത് ജീവിതം പാഴാക്കണ്ട. ജ്യോത്സ്യം ഉണ്ടായ കാലത്ത് കാറും ഇല്ല, മോട്ടോർസൈക്കിളും ഇല്ല. ആകെയുള്ളത് കാളവണ്ടീം കുതിരവണ്ടീം ആണ്. അതുവെച്ചാ മണ്ടത്തരം പറയുന്നെ."

"ഞാനിപ്പം എന്തുചെയ്യണം ന്നാ കൃഷ്ണക്കുറുപ്പ് പറയുന്നെ?"

"നിങ്ങളാ ജാതകം ഇങ്ങട്ട് കൊണ്ടാ. എല്ലാ ദോഷോം മാറ്റി എഴുതിത്തരാം. ലഗ്നം ഒന്നു മാറ്റിയാ മതി. അത് എളുപ്പാ."

കുഞ്ഞുണ്യാര് ജാതകക്കെട്ട് കൃഷ്ണക്കുറുപ്പിനെ ഏൽപ്പിച്ചു.



പതിനഞ്ചാം വെല്ലുവിളി




# രാത്രിയിലെ ആകാശം

## പി രാധാകൃഷ്ണൻ ആലുവീട്ടിൽ

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

ചേട്ടൻ വീട്ടിലെത്താൻ പതിവിലും വൈകി. രാത്രി ഒമ്പതു മണിക്ക് ശേഷമാണ് കവലയിൽ ബസ്സിറങ്ങിയത്. ആ സമയം അവിടെ ഓട്ടോറിക്ഷകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അച്ഛനും വീട്ടിലില്ല. ചേട്ടൻ ഒറ്റയ്ക്ക് നടന്നുവരുന്നതിനെ കുറിച്ച് ആലോചിച്ചാവും അമ്മയുടെ മുഖത്ത് വലിയ പരിഭ്രമം. അച്ഛനും ദൂരെ ഇരുന്ന് വിഷമിക്കുന്നുണ്ടെന്ന് ഫോണിലൂടെ അച്ഛന്റെ ശബ്ദം കേട്ടപ്പോൾത്തന്നെ മനസ്സിലായി.

പകൽ നടന്നു വരാറുള്ള റോഡിലൂടെ രാത്രി നടക്കുന്നതിൽ എന്താണു പ്രശ്നം? നിമിഷയ്ക്കത് എത്ര ആലോചിച്ചിട്ടും മനസ്സിലായില്ല.

ചേട്ടന്റെ മൊബൈലിൽ ടോർച്ച് ഉണ്ടായിരുന്നു. യാതൊരു പ്രശ്നവുമില്ലാതെ വീട്ടിലെത്തുകയും ചെയ്തു. പക്ഷേ, അരമണിക്കൂർ സമയം വീട്ടിലുള്ളവർ മുള്ളിൽ ചവിട്ടി നിൽക്കുകയായിരുന്നു.

അച്ഛൻ പിറ്റേന്നാണ് തിരിച്ചെത്തിയത്. രാത്രി തന്നെ. അച്ഛൻ ഓട്ടോയിലാണ് വന്നത്. രാത്രി നടക്കാൻ ഇത്രയധികം ഭയപ്പെടണമോ എന്ന കാര്യത്തിൽ നിമിഷയ്ക്ക് സംശയമുണ്ട്. അമ്മ വായനയിൽ മുഴുകി ഇരിപ്പാണ്. നല്ല സമയം നോക്കി അമ്മയോട് ചോദിക്കാം.

ടീച്ചർ ഏല്പിച്ചിട്ടുള്ള ജോലികൾ കഴിഞ്ഞ്, വായിച്ച് ബാക്കിവെച്ച പുസ്തകം തീർത്തതും നല്ല ഉറക്കം വന്നു.

രാത്രി. കൂരാകൂരിരുട്ട്. കുന്നിൻ മുകളിൽ നിൽക്കുകയാണ്. മരങ്ങളും ചെടികളും പാറകളും ഒന്നും കാണുന്നില്ല. കൈനീട്ടിയാൽ കൈ പോലും ഉണ്ടെന്നു തോന്നില്ല. ഇത്രയും ഇരുട്ട് ഇതു വരെ അനുഭവിച്ചിട്ടില്ല. രാത്രി ഉറങ്ങുന്ന മുറിയിൽ എപ്പോഴും നേരിയ വെളിച്ചം തങ്ങി നിൽക്കുന്നുണ്ടാവും. അതുകൊണ്ടു തന്നെ ഈ കൂരിരുട്ട് നിമിഷയ്ക്ക് പരിചയമില്ല. രാത്രി വീട്ടിൽ നിന്ന് പുറത്തേക്ക് നോക്കുമ്പോൾ കാണുന്നത് മാത്രമാണവൾക്ക് ഇരുട്ട്. മുന്നോട്ട് നടക്കാൻ ആഗ്രഹം തോന്നി. പക്ഷേ, നടക്കാൻ കഴിയുന്നില്ല. കൈ ചുറ്റും വീശിയപ്പോഴാണ് മനസ്സിലായത്, കട്ടിലിൽ കിടക്കുകയാണെന്ന്.

ഇരുട്ടിനെ ഇത്രയധികം ഭയപ്പെടുന്നത് എന്തിനാണ്? ആരെയാണ് ഭയപ്പെടേണ്ടത്? മനുഷ്യരെയോ? മൃഗങ്ങളെയോ? പാമ്പിനെയോ?

ആകാശം മെല്ലെ തെളിഞ്ഞു. മാനത്ത് ചന്ദ്രൻ പുഞ്ചിരിച്ചു. നിറയെ നക്ഷത്രങ്ങൾ മിന്നി. ചുറ്റും ക്രമേണ തെളിഞ്ഞു വരുന്നു. മരങ്ങളും ചെടികളും പാലിൽ കുളിച്ച് നിവർന്നു നിന്നു. എന്തു ഭംഗി! എന്തു ഭംഗി! അവൾ പുഞ്ചിരിച്ചു കൊണ്ട് കണ്ണുതുറന്നു. കണ്ടത് സ്വപ്നമായിരുന്നെന്ന് അവൾക്ക് വിശ്വസിക്കാനായില്ല.

രാവിലെ തന്നെ നിമിഷ അച്ഛനോട് പറഞ്ഞു.

ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക്
ഇനിയും അവസരം...
www.eureka.kssp.in എന്ന
വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യൂ.
ഒന്നാം വെല്ലുവിളി മുതൽ നിങ്ങൾക്ക്
ഈ കളിയിൽ പങ്കെടുക്കാം.



എനിക്ക് രാത്രിയിലെ ആകാശം കാണണം.

അതിനെന്താ കാണാലോ.

അച്ഛൻ വളരെ നിസ്സാരമായി പറഞ്ഞു.

എന്നാ കഴിയുക.

എന്നും കഴിയും. ഇന്ന് രാത്രി തന്നെ മുറ്റത്തി റങ്ങി ആകാശം നോക്കാലോ?

അത് പോരാ. എനിക്ക് ആകാശത്തിനു കീഴെ ഒരു ദിവസം കിടന്നുറങ്ങണം. രാത്രി ഉണർന്ന് നക്ഷത്രങ്ങളെ കണ്ടു കിടക്കണം.

ക്ലാസിലെ കുട്ടികളാരെങ്കിലും ഇതേ കാര്യം സംസാരിച്ചുവോ? അച്ഛന്റെ ചോദ്യം.

ഇല്ല. എന്താ അങ്ങനെ ചോദിക്കാൻ. നിമിഷ അത്ഭുതപ്പെട്ടു.

പുതിയ വെല്ലുവിളി ഇതു തന്നെയാണ്.

കേട്ടതും നിമിഷ തുള്ളിച്ചാടി. അച്ഛന്റെ കൈ പിടിച്ച് വട്ടത്തിൽ നൃത്തം ചെയ്തു. ഓടിപ്പോയി വെല്ലുവിളി പുസ്തകം എടുത്തു വന്നു. അച്ഛൻ നിർദേശങ്ങൾ വിശദീകരിച്ചു.

വീട്ടിലെ അംഗങ്ങൾ ഒന്നിച്ച് ഒരു ദിവസം രാത്രി വീട്ടിനു പുറത്ത് ചെലവഴിക്കണം.

ടെന്റ് കെട്ടിയോ, ടെറസ്സിനു മുകളിലോ എവി ടെയും ആവാം.


വീടിന്റെ മുറ്റത്ത് ആകാശം നേരിട്ട് കാണുന്ന സ്ഥലവും തെരഞ്ഞെടുക്കാം.

മുതിർന്നവരുടെ സാന്നിധ്യത്തിൽ മാത്രമേ ഈ വെല്ലുവിളി ഏറ്റെടുക്കാവൂ. അവരുടെ ചുമത ലയിൽ ആവശ്യമായ മുൻകരുതലുകൾ എടുത്തി രിക്കണം.

രാത്രിയിലെ ആകാശ കാഴ്ചയുടെ അനുഭവം ചെറു കുറിപ്പായി യുറീക്കയ്ക്ക് അയക്കാൻ മറക്ക രുത്.

വെല്ലുവിളി പുസ്തകം അടച്ചു വെച്ച് നിമിഷ അകത്തേക്കോടി. ചേട്ടനെ ഈ സന്തോഷ വാർത്ത അറിയിച്ചിട്ട് ബാക്കി കാര്യം.

അപ്പോൾ കൂട്ടുകാരേ, നിങ്ങളും ഈ വെല്ലുവി ളി ഏറ്റെടുക്കൂ. നല്ലൊരനുഭവക്കുറിപ്പ് യുറീക്ക യ്ക്കയക്കാൻ മറക്കല്ലേ.



**കുമാർ പാലോട്**

ചിത്രീകരണം: വെങ്കി

# ഈ ടയറുകൾക്ക് എന്തിനാ കാറ്റ്?

"രണ്ടാളും കൂടി സൈക്കിളും തള്ളി രാവിലെ എങ്ങോട്ടാ?"

പ്രഭാത സവാരി കഴിഞ്ഞു വീട്ടിലേക്കു മടങ്ങുകയായിരുന്ന മാഷ് അമ്മുവും മീരയും എതിരെ വരുന്നത് കണ്ടു ചോദിച്ചു.

"ഒന്നും പറയണ്ടെന്റെ മാഷേ, ഇവളെ സൈക്കിൾ ഓടിക്കാൻ പഠിപ്പിക്കാമെന്നു കരുതി ഇറങ്ങിയതാ നോക്കിയപ്പോൾ ടയറിൽ കാറ്റില്ല. കാറ്റ് അടിക്കാൻ വർക്ഷോപ്പിൽ കൊണ്ടു പോകുകയാണ്."

"ഓഹോ, കാറ്റ് അടിക്കാനാണെങ്കിൽ വീട്ടിലേക്ക് വാ. എന്റെ വീട്ടിൽ പമ്പ് ഉണ്ട്."

"ആണോ മാഷേ, വലിയ ഉപകാരം. ഇനി വർക്ക്ഷോപ്പ് വരെ തള്ളേണ്ടല്ലോ."

"അല്ല മാഷേ, എന്തിനാ ഈ ടയറിൽ കാറ്റ് നിറച്ചു വച്ചേക്കണേ? കാറ്റ് വേണ്ടാത്ത ടയർ ആയിരുന്നെങ്കിൽ ഇങ്ങനെ ഇടയ്ക്ക് ഇടയ്ക്ക് കാറ്റ് അടിച്ചു ബുദ്ധിമുട്ടണ്ടായിരുന്നു, ല്ലേ." നടത്തത്തിനിടയിൽ അമ്മുക്കുട്ടി ചോദിച്ചു.

"കാറ്റ് നിറച്ച ടയറുകൾ കണ്ടുപിടിക്കുന്നതിന് മുൻപ് അങ്ങനെ തന്നെയായിരുന്നു അമ്മുക്കുട്ടീ. പക്ഷേ, അതുകൊണ്ട് എന്താ കുഴപ്പം ന്നു വെച്ചാൽ, അത്തരം വണ്ടികളിൽ സഞ്ചരിക്കുമ്പോൾ ഭയങ്കര കുലുക്കവും വിറയലും ആയിരുന്നു. മാത്രവുമല്ല ഇത്തരം വണ്ടികൾ വളരെ വേഗത്തിൽ ഓടിക്കാനുമാകില്ല. തടികൊണ്ടുള്ള ചക്രങ്ങൾ ഉപയോഗിക്കുന്ന കാളവണ്ടിയിൽ കയറിയാൽ ആ ബുദ്ധിമുട്ട് നിങ്ങൾക്ക് മനസ്സിലാക്കാനാകും."

"അയ്യോ അങ്ങിനെ ഒരു കുഴപ്പമുണ്ടോ. അപ്പോൾ ആരാ മാഷെ, ഈ കാറ്റു നിറയ്ക്കുന്ന ടയറുകൾ കണ്ടുപിടിച്ചത്?"

അതിനുത്തരം പറയാതെ മാഷ് നേരെ വീട്ടിലേക്ക് കയറി. വീടിനുള്ളിൽ നിന്ന് പമ്പ് എടുത്തു കൊണ്ടുവന്ന് മാഷ് തുടർന്നു.


"നിങ്ങൾക്ക് വളരെ പരിചിതമായ പേരാണത്. ജോൺ ബോയ്ഡ് ഡൺലപ്. ഡൺലപ് ടയറുകൾ എന്നു കേട്ടിട്ടുണ്ടാകുമല്ലോ?"

"ഉവ്വ്, കേട്ടിട്ടുണ്ട്. പക്ഷേ, അത് കണ്ടു പിടിച്ചയാളിന്റെ പേരാണെന്ന് എനിക്കറിയില്ലായിരുന്നു."

"സ്കോട്ട്ലാന്റിലാണ് ജോൺ ബോയ്ഡ് ഡൺലപ് ജനിച്ചത്.അദ്ദേഹത്തിന് താൽപ്പര്യം മൃഗചികിത്സയിൽ ആയിരുന്നു. ഒരു വെറ്റിനറി സർജൻ ആയി അദ്ദേഹം അയർലന്റിൽ വളരെക്കാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്."

"ങേ, മൃഗ ഡോക്ടർ എങ്ങിനെ ടയർ കണ്ടു പിടിച്ചു?" മീരയ്ക്ക് ആകാംക്ഷ അടക്കാനായില്ല.

"പറയാം.ഡൺലപ്പിന്റെ മകനായ ജോണിക്ക് ഒരു മുച്ചക്ര സൈക്കിൾ ഉണ്ടായിരുന്നു. അവൻ അത് എത്രമാത്രം കഷ്ടപ്പെ



ട്ടാണ് കുണ്ടും കുഴിയുമുള്ള വഴികളിലൂടെ ഓടിക്കുന്നതെന്ന് ഒരിക്കൽ ഡൺലപ് ശ്രദ്ധിച്ചു. അതിന് കാരണം സൈക്കിളിന്റെ വീലുകൾ ആണെന്നും ആ വീലുകൾ കനം കുറഞ്ഞ റബ്ബർ ഷീറ്റ് കൊണ്ടു കവർ ചെയ്ത് അതിൽ വായു നിറച്ചാൽ അതിന്റെ തെറിക്കലും വിറയലും കുറഞ്ഞേക്കുമെന്നും അദ്ദേഹത്തിന് തോന്നി.

അങ്ങിനെ ജോണിയുടെ സൈക്കിളിൽ ആണ് ഡൺലപ് തന്റെ ആദ്യത്തെ ടയർ പരീക്ഷിച്ചു നോക്കിയത്. പരീക്ഷണം വിജയമായതോടെ ഇതിന്റെ വ്യാവസായിക സാധ്യതകൾ മനസ്സിലാക്കി അദ്ദേഹം അതിന്റെ പേറ്റന്റ് എടുക്കുകയും 1889 ൽ അദ്ദേഹം തന്റെ ആദ്യത്തെ ടയർ ഫാക്ടറി അയർലന്റിലെ ഡബ്ലിനിൽ തുറക്കുകയും ചെയ്തു.”

“ആഹാ കൊള്ളാമല്ലോ മാഷേ ടയറിന്റെ കഥ. ടയറിലെ കാറ്റുപോയതുകൊണ്ട് ഇത്രേം അറിയാൻ പറ്റി.” പമ്പ് തിരികെ കൊടുത്തുകൊണ്ട് അമ്മു പറഞ്ഞു.



**പ്രസാദ് കൈതക്കൽ**

ചിത്രീകരണം: കെ.സതീഷ്



കാലത്ത് പത്രം വായിച്ചുകൊണ്ടിരിക്കുകയാണ് ഞാൻ. സ്വസ്ഥമായിരുന്നുള്ള പത്രവായനയ്ക്ക് തടസ്സമുണ്ടാക്കിക്കൊണ്ട് അടുത്തുവന്ന് മുട്ടിയുരുമ്മിനിന്ന് സ്കൂൾ വിശേഷങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ് ആമി. തലേന്ന് രാത്രി ഞാൻ കുറച്ച് വൈകിയാണ് എത്തിയത്. അപ്പോഴേക്കും ആമി ഉറങ്ങിപ്പോയിരുന്നു.

"അച്ഛൻ എബ്രഹാം ലിങ്കൺ എന്ന് കേട്ടിട്ടുണ്ടോ?"

വായിൽ നിന്നും മറുപടിയെന്തെങ്കിലും വീണുപോയാൽ അതിന്മേൽ കോർത്ത് വീണ്ടും വീണ്ടും ചോദ്യങ്ങളുണ്ടാകുമെന്ന് അറിയാവുന്നതിനാൽ 'ഇല്ല.' എന്നാണ് ഞാൻ പറഞ്ഞത്. പത്രത്തിൽ തന്നെ ശ്രദ്ധിച്ചുകൊണ്ട് വർത്തമാനം തുടരാൻ താൽപ്പര്യമില്ലെന്ന തരത്തിലായിരുന്നു മറുപടി.

"എബ്രഹാം ലിങ്കൺ ജനാധിപത്യത്തെക്കുറിച്ച് പറഞ്ഞതെന്താണെന്ന് അച്ഛ അറിയാമോ?"

എന്റെ പത്രവായന തടസ്സപ്പെടുന്ന ലക്ഷണമാണ്.

"എന്താണ്? നീ തന്നെ പറ."

# നീയെന്തിനാണാവോ ചിരിക്കുന്നത്?




പത്രത്തിൽ നിന്നും കണ്ണെടുക്കാതെ തന്നെ ഞാൻ പന്ത് അവളുടെ കോർട്ടിലേക്ക് തന്നെ തട്ടി.

"ഈ അച്ഛനൊന്നും അറിഞ്ഞൂട. Government of the people, by the people, for the people. ജനങ്ങൾക്ക് വേണ്ടി, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന, ജനങ്ങളുടെ ഭരണമാണച്ഛാ ജനാധിപത്യം."

അവൾ പറയുന്നതൊന്നും ഞാൻ ശ്രദ്ധിക്കുന്നില്ല എന്നവൾക്ക് തോന്നിയിട്ടുണ്ടാവണം.

"കന്നുകാലിക്കർഷകനെ തല്ലിക്കൊന്ന കേസ്: മുഴുവൻ പ്രതികളേയും വെറുതെ വിട്ടു." എന്റെ തോളിൽ തൂങ്ങിക്കൊണ്ട് കസേരയുടെ സൈഡിലിരുന്ന് അവൾ പത്രത്തിലെ തലക്കെട്ട് ഉറക്കെ വായിക്കാൻ തുടങ്ങി.

"ആമീ.. നിങ്ങളിൽപ്പെടാത്തവരെക്കുറിച്ചുള്ള നിങ്ങളുടെ കരുതലാണ് ജനാധിപത്യമെന്ന് ബർട്രാൻഡ് റസ്സലും പറഞ്ഞിട്ടുണ്ട്." അവൾ പറഞ്ഞതൊക്കെയും ഞാൻ ശ്രദ്ധിക്കുന്നുണ്ടെന്ന് കൂടി വിചാരിച്ചോട്ടേന്ന് കരുതിയാണ് പറഞ്ഞത്.

പെട്ടെന്ന് അകത്തുനിന്നൊരു ശബ്ദം. എന്തെല്ലാമോ വലിച്ചെറിയുന്നതിന്റെയും വീണുടയുന്നതിന്റെയും ശബ്ദങ്ങളുണ്ട്. സൈനയുടെയും ജാനകിയമ്മയുടെയും ഒച്ചകൾ ഉയർന്നുപൊങ്ങുന്നുമുണ്ട്.

ആകെ ബഹളമാകുന്ന ലക്ഷണമാണ്.

അലക്കിത്തേച്ചുവച്ച സൈനയുടെ യൂണിഫോമിൽ അഴുക്ക് പൂർണമായും പോയിട്ടില്ലാത്രേ! അതിനവൾ അമ്മമ്മയുമായി 'ഒന്നും രണ്ടും' പറഞ്ഞ് ഉടക്കുണ്ടാക്കുകയാണ്.

“എന്റെ ഡ്രസ് മാത്രമേ ഇങ്ങനെ ഒരു ശ്രദ്ധ യുമില്ലാതെ നിങ്ങള് അലക്കാറുള്ളൂ. ആമീടേത് എത്ര വൃത്തീലാ അലക്കിത്തേച്ചുവച്ചിരിക്കുന്നത്...” സൈനയ്ക്ക് ഇടയ്ക്ക് കരച്ചിലും വരുന്നുണ്ട്.

അതാ... വാദിയും പ്രതിയും സാക്ഷികളുമൊക്കെ അകത്തുനിന്നും ഉമ്മറക്കോലായിലേക്ക് വരുന്നു. ഞാൻ പത്രം പതുക്കെ മടക്കിത്തുടങ്ങി. ഇനി വായന നടക്കുമെന്ന് തോന്നുന്നില്ല!

സൈന അവളുടെ വാദം എന്റെ മുൻപിൽ അവതരിപ്പിച്ചുതുടങ്ങി. ഇടയ്ക്കിടയ്ക്ക് കരഞ്ഞും ഏങ്ങലടിച്ചും മൂക്കുപിഴിഞ്ഞുമൊക്കെയാണ് അവൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. പറഞ്ഞതിന്റെ സാരാംശം ഇത്രയുമാണ്. അവൾക്ക് വേണ്ടത്ര പരിഗണന ഈ വീട്ടിൽ കിട്ടുന്നില്ല. ഇളയവളായ ആമിക്കാണ് കിട്ടുന്നത്. അവളുടെ അലക്കിയ യൂനിഫോമിലെ അഴുക്ക പൂർണമായും പോയിട്ടില്ല. ഇന്ന് ഈ വൃത്തിയില്ലാത്ത യൂണിഫോമുമിട്ടുവേണം സ്കൂളിൽ പോകാൻ.

കേസ് ഉമ്മറക്കോടതിയിലേക്ക് കൊണ്ടുവന്നത് ഞാൻ വിധി പ്രസ്താവിക്കും എന്ന് കരുതിയായിരിക്കുമല്ലോ. എല്ലാവരും വളരെ പ്രതീക്ഷയോടെയാണ് എന്റെ മുഖത്തേക്ക് നോക്കുന്നത്. എങ്ങനെ സ്വന്തം തടി രക്ഷപ്പെടുത്തും എന്നാലോചിച്ചുകൊണ്ട് ഞാൻ ധർമസങ്കടത്തോടെ ജാനകിയമ്മയുടെ മുഖത്തേക്ക് നോക്കി. അവർ ദേഷ്യംകൊണ്ട് വിറയ്ക്കുകയാണ്.

അപൂർവമായി മാത്രമാണ് ആമി ഇത്തരം കേസുകളിൽ പെടാതെ പോകുന്നത്! ഈ കേസിൽ കക്ഷിയേയല്ലാത്ത അവൾ മാറിനിന്ന് രസം കൊള്ളുകയാണ്.

“ഇന്നുമുതൽ ഈ വീട്ടിൽ ആർക്കെങ്കിലും അഴിച്ചുവെച്ച, നാറ്റമുള്ളതല്ലാത്ത, അലക്കിത്തേച്ച വസ്ത്രങ്ങളിടണമെന്നുണ്ടെങ്കിൽ അവരവർ തന്നെ സമയമുണ്ടാക്കി സ്വയം അലക്കി തുടങ്ങണം. രുചിയോടെ തന്നെ വയറ് നിറച്ചും ഭക്ഷണം കഴിക്കണമെങ്കിൽ അടുക്കളപ്പണികളിൽ എല്ലാവരും പങ്കെടുക്കണം. നല്ല വൃത്തിയുള്ള പാത്രത്തിൽത്തന്നെ ഭക്ഷണം കഴിക്കണമെന്ന് നിർബന്ധമാണെങ്കിൽ കഴിക്കുന്നതിനു മുമ്പും കഴിച്ചതിന് ശേഷവും അവരവർ തന്നെ പാത്രം കഴുകി വെക്കണം. മുറ്റമടിക്കാനും നിലം തുടയ്ക്കാനും എല്ലാവരും കഴിയുന്നതുപോലെ പങ്കെടുക്കണം.”

എനിക്ക് വിധി പറയേണ്ടി വന്നില്ല. ജാനകിയമ്മ തന്നെ അതിഗംഭീരമായി ആ കൃത്യം നിർവഹിച്ചു!

സൈനയുടെ കരച്ചിൽ നിന്നു.

ആമി കണ്ണുതള്ളി നിൽപ്പാണ്.


എനിക്ക് ചിരി വന്നു. ഞാൻ മറച്ചുവയ്ക്കാതെ ഉറക്കെത്തന്നെ ചിരിച്ചു.

“നീയെന്തിനാ കെടന്ന് ചിരിക്കുന്നത്! എല്ലാവരുമെന്നു പറഞ്ഞതിൽ നീയും പെടും. നിന്നോടുകൂടിയാ പറഞ്ഞത്. ഈ വീട്ടിൽ ആണുങ്ങൾക്ക് പ്രത്യേകം സംവരണമൊന്നുമില്ല.”

ജാനകിയമ്മ പറഞ്ഞ് കഴിഞ്ഞതും എന്റെ ചിരി നിന്നു. എന്റെ ചിരി നിന്നതും ബാക്കിയുള്ളവരുടെ പൊട്ടിച്ചിരി വീടിനെ കുലുക്കുമാറുച്ചത്തിൽ മുഴങ്ങി.

“ജനാധിപത്യവും തുല്യതയും പാഠപുസ്തകത്തിലും പരീക്ഷാ പേപ്പറിലും മാത്രം പോര. വീട്ടിലും വേണം! അമ്മ പറഞ്ഞ ഈ കാര്യങ്ങൾ നടപ്പിലായാൽ, അത് വിജയിപ്പിക്കാൻ നമ്മളോരോരുത്തരും ആത്മാർത്ഥമായി പരിശ്രമിച്ചാൽ നമ്മുടെ കുടുംബത്തിലും ജനാധിപത്യവും തുല്യതയും ചുവടു വെച്ച് തുടങ്ങും!”

ഇതുവരേയും സംഘർഷപ്രദേശത്തു നിന്നും അൽപ്പം വിട്ടുമാറിനിന്ന് എല്ലാം കണ്ടുകൊണ്ടിരിക്കുകയായിരുന്ന മഞ്ജുളയാണ് മംഗളവാക്യം പറഞ്ഞത്. “ആമീ വോട്ടുചെയ്യലും തിരഞ്ഞെടുക്കലും മാറിനിന്ന് കുറ്റം പറയലും മാത്രമല്ല ജനാധിപത്യം. വീഴ്ചകൾ കാണുമ്പോൾ വിമർശിക്കുന്നത് പോലെ തന്നെ പങ്കെടുത്തു തിരുത്തലും പൗരധർമമാണ്. അപ്പോഴേ ജനാധിപത്യം പൂർണമാവൂ. അത് ആരംഭിക്കേണ്ടതാവട്ടെ വീടുകളിൽ നിന്നും.”



**പദപ്രശ്നം – ഡിസംബർ 16 വിജയികൾ**

**അഭിനവ് ജുബിൻ ഇ,** 5 ഇ, എസ് എൻ ജി എസ് എച്ച് എസ് എസ്, കാരമുക്ക്, കണ്ടശ്ശാംകടവ് പി ഒ, തൃശ്ശൂർ.

**നവനി പി കൃഷ്ണ,** 3 എ, സെന്റ് തെരേസാസ് ആംഗ്ലോ ഇന്ത്യൻ സ്കൂൾ, ബെർണശ്ശേരി പി ഒ, കണ്ണൂർ–13.

**വൈഷ്ണവ് രാജ്,** 5 ബി, ബി എച്ച് എസ് തേവലക്കര, അരിനല്ലൂർ പി ഒ, കൊല്ലം.

**പുണ്യ,** 5 ബി, കോതകുളങ്ങര ജി എൽ പി എസ്, അങ്കമാലി പി ഒ, എറണാകുളം.

**ഇഷാൻ മുഹമ്മദ് ടി,** 2 ബി, ജി എൽ പി എസ്, മങ്കട, മലപ്പുറം.

പദപ്രശ്നം പൂരിപ്പിച്ച് പേരും വിലാസവും എഴു തിയശേഷം ഫോട്ടോ എടുത്ത് ടെലഗ്രാം/ വാട്സപ്പ്/അയയ്ക്കുക (ഏതെങ്കിലും ഒന്നിലയച്ചാൽ മതി).

: 9495981919




## വലത്തോട്ട്

1. ഉടമസ്ഥത ഉള്ളയാൾ.
3. വെള്ളികൊണ്ടുണ്ടാക്കിയത്.
5. ഒരു കടൽ മത്സ്യം.
6. മന്ത്രിമാർ കൈകാര്യം ചെയ്യുന്നത്. പോലീസാവുമ്പോൾ പ്രശ്നമാവും.
8. പെൺകുട്ടികൾക്കിട്ടിരുന്ന പേരാണ്. വള്ളിയെന്നാണ് അർത്ഥം.
10. കുരലിൽ നിന്നാണ് ഈ ശബ്ദം.
12. മരം ഈർന്നാണുണ്ടാക്കുന്നത്.
14. ഇതിന് അടിമപ്പെടരുത് ആരും.
15. ചന്ദനം എന്നാണ് ഈ വാക്കിന്റെ അർത്ഥം.
16. ഇതുള്ളവനെ ധിക്കാരി എന്ന് പറയും.

## താഴോട്ട്

1. കറികളിൽ ചേർക്കുന്നതാണിത്. അൽപ്പം കയ്പ്പുണ്ട്.
2. വില നിശ്ചയിക്കുമ്പോൾ ഇങ്ങനെ പറയുന്നതു കേട്ടിട്ടുണ്ടോ?
3. തമിഴ് നാട്ടിലെ ഭരണകക്ഷിയുടെ തെരഞ്ഞെടുപ്പ് മുദ്ര.
4. പരന്ന പാത്രമാണ്.
7. കുതിക്കുന്ന മൃഗമാണ്.
9. ഒരു വാദ്യോപകരണം.
10. ഒരു കറിയാണ്. കുറുകിയ ഒന്ന്.
11. സൂര്യഗ്രഹണ സമയത്ത് കണ്ടില്ലേ, സൂര്യൻ ഇങ്ങനെയായിരുന്നു.
12. ഫോൺ ചെയ്യുമ്പോൾ പലരും ഇതിലില്ലെന്നാണ് പറയാറ്.
13. മരത്തിൽ ശാഖകൾ ചേരുന്ന ഇടം.

### പദപ്രശ്നം – ഡിസംബർ 16 ഉത്തരം

| | | | | | |
|---|---|---|---|---|---|
| 1 ക | ഥ | 2 ക | ഴി | ക്ക | 3 ക |
| ത്ത | | ടി | | | ട |
| 4 വാ | താ | യ | നം | | ന്നാ |
| ളി | | ൻ | | 5 മൃ | ക്ര |
| ക്ക | | | 6 പ്ര | തി | മ |
| 7 ക | ർ | ണാ | ഭ | ര | ണം |

## 5 പേർക്ക് സമ്മാനങ്ങൾ...

**പദപ്രശ്നം കിട്ടേണ്ട അവസാന തീയ്യതി : ജനുവരി 25, 2020**

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

| | | | | | | |
|---|---|---|---|---|---|---|
| 1 | | 2 | | 3 | | 4 |
| | | 5 | | | | |
| 6 | 7 | | | 8 | 9 | |
| | | | | | | |
| 10 | | 11 | | 12 | | 13 |
| | | 14 | | | | |
| 15 | | | | 16 | | |

പേര് : ..........................................................

ക്ലാസ് :..........................................................

സ്കൂൾ വിലാസം :......................................

..........................................................

പോസ്റ്റ് :..........................................................

ജില്ല :..........................................................

ഫോൺ :..........................................................

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക




പീക്കിരി.ഇൻ കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്.
മുതിർന്നവർ ഇത് ശ്രദ്ധിക്കുമല്ലോ.


# ശാഠ്യക്കാരി

സിന്ധു എൻ പി




ചിത്രീകരണം: കെ.സതീഷ്

**മഞ്ഞു തുള്ളിക്ക് എന്തൊരു ശാഠ്യമാണെന്നോ. അമ്മയായ കാറ്റിനോട് അവൾ വെറുതേ വാശി പിടിക്കും.**





**കാറ്റ് അപ്പോൾ എന്തുചെയ്യുമെന്നോ? അതിന്റെ തൂവല് പോലത്തെ കൈകളിൽ കോരിയെടുത്ത് വാവാവോ പാടി അതിലേ ഇതിലേ നടക്കും.**


ഒരു ദിവസം രാവിലെ മഞ്ഞുതുള്ളി
പറഞ്ഞു. "എനിക്ക് ഊഞ്ഞാല്
വേണം."



കാറ്റിന്
ഉത്സാഹമായി.
"വാ വന്ന് എന്റെ
മടിയിലിരിക്ക്. ഞാൻ
ഊഞ്ഞാലാട്ടാലോ."


"ങ്ങൂ ഹ്ഹ – " മഞ്ഞ് തുള്ളി കിണുങ്ങി.
"വേറേ ഊഞ്ഞാൽ."
കാറ്റ് ഉടനെ താഴെയുള്ള
പുൽത്തണ്ട് വളച്ച് ഒരു
ഊഞ്ഞാലുണ്ടാക്കി.
"വാ, ഊഞ്ഞാൽ റെഡി."


ഇലപ്പരപ്പിൽ ഉരുണ്ട് വന്ന് മഞ്ഞ്
തുള്ളി ഒന്ന് നോക്കി. ഇത്തിരിപ്പോരുന്ന
ഒരു കറുകപ്പുൽത്തണ്ട്! "ഇതും വേണ്ട"
അതിന്റെ മുഖം ഇരുണ്ടു.


അമ്മക്കാറ്റ് വെപ്രാളപ്പെട്ട് ഓടി
നടന്നു. അപ്പോഴാണ് തേൻമാവിന്റെ
രണ്ട് ചില്ലയ്ക്കിടയിൽ അങ്ങോട്ടുമി
ങ്ങോട്ടും ഓടി നടക്കുന്ന കുഞ്ഞൻ
ചിലന്തിയെ കണ്ടുമുട്ടിയത്.
ചിലന്തി അന്വേഷിച്ചു.
"ന്താ ഒരു വെപ്രാളം?"


കാറ്റ് കാര്യം പറഞ്ഞു.
"ഊഞ്ഞാല് തേടിപ്പോവുകയാണ്."
"ഇത്രേയുള്ളോ" കു
ഞ്ഞൻ സമാധാനി
പ്പിച്ചു. "നല്ല ഒരു
ഊഞ്ഞാല് ഞാൻ
ഉണ്ടാക്കിത്തരാലോ
– മഞ്ഞുതുള്ളിയെ
കൊണ്ടു വന്നോളൂ."


അമ്മക്കാറ്റ് ആശ്വാസത്തോടെ തിരി
ച്ചോടി. മഞ്ഞുതുള്ളിയെ ചുമലിലിരുത്തി
വന്നപ്പോഴേക്കും കുഞ്ഞൻ ഊഞ്ഞാൽ
പ്പണി തീർത്തിരുന്നു. നേർത്ത പട്ടുനൂൽ
വലകൾ കൊണ്ട് തീർത്ത മനോഹ
രമായ ഒന്ന്. അതിനിടയിലൂടെ ഓടി
ക്കളിക്കുന്ന കുഞ്ഞു സൂര്യരശ്മികളോട്
കൈകോർത്ത് മഞ്ഞുതുള്ളി ആ
ഊഞ്ഞാലിലേക്ക് ചാടിക്കയറി. ഹായ്
എന്തു രസം! അതിന് സന്തോഷമായി.


അമ്മക്കാറ്റ് കുഞ്ഞൻ
ചിലന്തിക്ക് നന്ദി
പറഞ്ഞു.




# കുട

**നാണു ആയഞ്ചേരി**

ചിത്രീകരണം: കെ.സതീഷ്

എത്ര നനഞ്ഞു കുതിർന്നാലും
എത്ര വിയർത്തു കുളിച്ചാലും
ഒട്ടും പരിഭവമില്ലാതെ
ഈ ഒറ്റക്കാലൻ 'കുട'വയറൻ.
നാട്ടിൽ ചെന്നാൽ ഗമയോടെ
നീണ്ടു നിവർന്നു നടക്കുമിവൻ
വീട്ടിൽ വന്നാൽ പാവത്താൻ
ചാരിയിരുന്ന് മയങ്ങീടും.

✷

## കാഴ്ചപ്പുറം

സുരഭിവചന





### ദിനാചരണം

# വിനോദസ...

**ജ**നുവരി 25 ദേശീയ വിനോദസഞ്ചാരദിനമാണ്. എന്താണ് നിങ്ങൾക്ക് വിനോദസഞ്ചാരത്തെക്കുറിച്ച് പറയാനുള്ളത് ? നിങ്ങൾ നടത്തിയ ഏറ്റവും വലിയ വിനോദയാത്ര എതാണ്? നിങ്ങളുടെ സങ്കൽപ്പത്തിലെ മികച്ച ഒരു വിനോദസഞ്ചാരം എങ്ങനെയായിരിക്കണം? പറയാമോ? പങ്കുവയ്ക്കാമോ? എന്നാൽ തുറന്നെഴുതൂ.

വിലാസം : വിനോദസഞ്ചാരം, കാഴ്ചപ്പുറം, യുറീക്ക, കോഴിക്കോട് –673002. അയയ്ക്കേണ്ട അവസാന തീയതി 2020 ജനുവരി 30.

### ശാസ്ത്രചരിത്രം

## ആ അഞ്ചുദിവസം...

1975 ഏപ്രിൽ 19ന് സോവിയറ്റ് യൂനിയനിലെ കപ്പൂസ്തിൻ യാർ കോസ്മോ ഡ്രോമിൽ നിന്നാണ് ആര്യഭട്ട വിക്ഷേപിച്ചത്.

ഇന്ത്യയിൽ ഉണ്ടാക്കിയ ആദ്യത്തെ കൃത്രിമ ഉപഗ്രഹമായിരുന്നു ഇത്. ഇതോടെ സ്വന്തമായി ഉപഗ്രഹങ്ങളുള്ള നാടുകളിൽ പതിനൊന്നാം സ്ഥാനം നേടി ഇന്ത്യ. എന്നാൽ പ്രദക്ഷിണപഥത്തിൽ എത്തിയതിന്റെ അഞ്ചാം നാൾ ആര്യഭട്ടയിലെ ഊർജ ഉൽപ്പാദന വിതരണം തകരാറിലായി. അതോടെ, ഒന്നൊഴികെയുള്ള പരീക്ഷണ നിരീക്ഷണങ്ങൾ ഉപേക്ഷിക്കേണ്ടിവന്നു. എങ്കിലും ആ അഞ്ചു ദിവസം കൊണ്ട് വിലയേറിയ പല പഠനങ്ങളും നടത്താൻ ഇന്ത്യയ്ക്കായി.



### ഇല്ലാതായവർ

## ആർക്കിയോടെ...
## എന്ന പക്ഷി

**പാ**മ്പ് പക്ഷിയായാൽ എങ്ങ...
കഥയിൽ ഒക്കെ അങ്ങനെ...
ശരിക്കും ഉരഗങ്ങളേയും പക്ഷികളേ...
ഒരു കണ്ണിയായി ഒരു വിചിത്ര പക...
ജുറാസിക് കാലത്തായിരുന്നു അ...
നിന്നും രൂപാന്തരപ്പെട്ട് അനുകൂലന...
ഉദാഹരണമായിരുന്നു കാക്കയുടെ...
പക്ഷിക്ക് നീണ്ട വാലുണ്ടായിരുന്നു...
ഓരോ വരി തൂവലുകളും. മുൻകാല...
കുകളാണെങ്കിലും അതിൽ മൂന്ന...
ചിറകും തൂവലും ഉണ്ടെങ്കിലും പറക്ക...
ല്ല. കൂടുതൽ ഉയരമുള്ള മരങ്ങളിൽ...
ലേക്ക് ചിറകുവിരിച്ച് ചാടുക മാത്ര...
വിശ്വസിക്കുന്നു.




# ഞ്ചാരദിനം

സ്റ്റാമ്പ്

ദേശീയ വിനോദസഞ്ചാരദിനം

## സ്മാരകങ്ങൾ

ഇന്ത്യയിലെ പ്രധാനപ്പെട്ട ചില സ്മാരകങ്ങളുടെ തപാൽ സ്റ്റാമ്പുകളാണിത്. സ്റ്റാമ്പ് പരിചയപ്പെടുന്നതിനൊപ്പം സ്മാരകങ്ങളേതെല്ലാമെന്ന് കണ്ടെത്തൂ.





## റിക്സ്

ദനെയുണ്ടാവും?
യുണ്ടാവും. അല്ലേ? എന്നാൽ
ളയും തമ്മിൽ ബന്ധിപ്പിക്കുന്ന
ഷിയുണ്ടായിരുന്നു. പണ്ടു പണ്ട്
രത്. പക്ഷികൾ ഉരഗങ്ങളിൽ
നം പ്രാപിച്ച് ജന്തുക്കളായതിന്റെ
ട അത്ര വലിപ്പമുള്ള ഈ പക്ഷി.
. വാലിന്റെ രണ്ടു വശങ്ങളിലും
ലുകൾ തൂവലുപൊതിഞ്ഞ ചിറ
ര വിരലുകൾ ഉണ്ടായിരുന്നു.
ാൻ ഉള്ള കഴിവുണ്ടായിരുന്നി
ൽ നിന്നും താഴെയുള്ള മരങ്ങളി
മേ ഇത് ചെയ്തിരുന്നുള്ളൂവെന്ന്



പുതിയ വാർത്ത


## പക്ഷിവേട്ടയ്ക്ക് സമ്മതം

പക്ഷികളെ സംരക്ഷിക്കുന്നതിൽ, കുട്ടികൾ വരെ ശ്രദ്ധാലുക്കളായിരിക്കുന്ന പുതിയ കാലത്തിൽ ഈ പക്ഷി വാർത്ത കേട്ടാൽ ആരും നടുങ്ങിപ്പോവും. മരുക്കൊക്ക് എന്ന ഹുബാര ബസ്റ്റഡ് പക്ഷികൾ ഇന്ന് വംശനാശഭീഷണിയിൽ പെടുന്നവയാണ്. അവ മധ്യേഷ്യയിൽ നിന്ന് മഞ്ഞുകാലത്ത് ദേശാടനത്തിന് പാക്കിസ്ഥാനിലെത്തുന്ന അപൂർവ പക്ഷികളാണ്. ഇവയെ പിടിക്കുന്നതും വേട്ടയാടുന്നതും നിയമവിരുദ്ധവുമാണ്. എന്നാൽ പാക്കിസ്ഥാൻ – ഖത്തർ നയതന്ത്രത്തിന്റെ ഭാഗമായി പാക്കിസ്ഥാൻ ഈ പക്ഷികളെ വേട്ടയാടാൻ അനുമതി നൽകിയിരിക്കുകയാണ്. ഗൾഫ് രാജ്യങ്ങളിൽനിന്നുള്ള രാജകുടുംബങ്ങളുടെ ഇഷ്ടവിനോദങ്ങളിൽ ഒന്നാണ് പരുന്തുകളെ ഉപയോഗിച്ച് ഈ പാവം പക്ഷികളെ വേട്ടയാടുന്നത്. ഖത്തറിലെ രാജകുടുംബങ്ങളാണ് അനുമതിയും തേടി ഹുബാരയെ പിടിക്കാനായി എത്തുന്നത്. കഷ്ടം എന്നല്ലാതെ എന്തുപറയാൻ, അല്ലേ?



പി എ അബ്ദുൽകരീം

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



# നന്മകൾ പൂക്കുമിടം

പഴക്കമേറിയ നാട്ടുമാവായിരുന്നു അത്. നല്ല മധുരമുള്ള മാമ്പഴങ്ങൾ വിശ്രമമില്ലാതെ നൽകുന്ന മരമുത്തശ്ശി. അതിന്റെ ഉയർന്ന ചില്ലകളിൽ പേടിയില്ലാതെ പക്ഷികൾ കൂട്ടുവച്ചു. കാക്കയും കൊക്കും കുമനുമടങ്ങുന്ന കാക്കത്തൊള്ളായിരം പക്ഷികൾ. പൊത്തുകളിലും തൊലിക്കിടയിലും ജീവികളും പ്രാണികളും അഭയം കണ്ടെത്തി. നട്ടുച്ച നേരത്ത് വിയർത്തു തളർന്ന യാത്രക്കാർ അതിന്റെ തണലിൽ ക്ഷീണമകറ്റി. സമൃദ്ധമായി മാമ്പഴങ്ങൾ നൽകിയ മാവിന് കുസൃതിപ്പിള്ളേരുടെയും യാത്രക്കാരിൽ ചിലരുടെയും കല്ലേറും ചിലപ്പോഴൊക്കെ ലഭിക്കാറുണ്ടായിരുന്നു.

അന്നൊരിക്കൽ മാവു നിറയെ മനോഹരമായ തളിരിലകൾ നിറഞ്ഞു. പിന്നെപ്പിന്നെ ആ ഇലക്കുരുന്നുകൾ ഇളം പച്ചയും കടും പച്ചയുമൊക്കെയായി കൂടമാറ്റം നടത്തി. പിന്നെ പൂത്തിരി കത്തിച്ചപോലെ പൂങ്കുലകളാൽ നിറഞ്ഞു. മാവ് കോരിത്തരിച്ചു. പുലർകാലത്തെ കുളിരിൽ വിറച്ചുകൊണ്ടിരിക്കെ മഞ്ഞ്, മാവിനോടു ചോദിച്ചു:

“നോക്കൂ, ഈ പൂങ്കുലകൾ വേദനയാണ്. ഇവ വിരിഞ്ഞ് ഉണ്ണികൾ കണ്ണുമിഴിച്ച് കണ്ണിമാങ്ങകളാവും. പിന്നെപ്പിന്നെ ആ കിങ്ങിണികൾ സ്വർണമാമ്പഴങ്ങളാകും. അവ പഴുത്തു വീഴുന്നതോടെ നിന്റെ കഷ്ടകാലമാകും. കല്ലേറുകൊണ്ട് നീ തളരും.”

“അതു സാരമില്ല.” മാവു പറഞ്ഞു.

“അൽപ്പം വേദന സഹിച്ചാലും മറ്റുള്ളവർക്ക് മധുരക്കനികൾ നൽകാൻ കഴിയുന്നതു തന്നെ ധന്യതയല്ലേ? എത്ര സന്തോഷകരം!”

അപ്പോൾ മഞ്ഞു പറഞ്ഞു:

"നിന്റെ വേദനയിൽ ദുഃഖമുണ്ട്. മനുഷ്യർ നന്ദിയില്ലാത്തവരാണ്. ഞാനൊരു ഉപകാരം ചെയ്യാം. ശക്തമായി പെയ്തിറങ്ങാം. നിന്റെ പൂങ്കുലകൾ മഞ്ഞിൽക്കുതിർന്ന് നശിച്ചുപോകും. നീ രക്ഷപ്പെടും."

"ചങ്ങാതീ, എന്നെക്കുറിച്ചു ചിന്തിച്ചതിൽ സന്തോഷം. നിന്റെ മഞ്ഞുവർഷം എന്നിലുണ്ടാകരുതേ. ഈ പൂങ്കുലകൾ കണ്ണുമിഴിക്കട്ടെ." മാവ് അപേക്ഷിച്ചു.

"ശരി, നിന്റെ ഇഷ്ടം." മാവിനെ കുളിരണിയിച്ച് മഞ്ഞ് സൂര്യനുദിച്ചതോടെ വിടവാങ്ങി.

ഇളം വെയിലിൽ തളിരിലകൾ നൃത്തം ചെയ്തു. പൂങ്കുലകൾക്ക് തെളിച്ചം. വെയിൽ പറഞ്ഞു:

"ചങ്ങാതീ, നിന്നെയോർത്താണെനിക്കു സങ്കടം. മാങ്ങകളായാൽ ആളുകളുടെ ഉപദ്രവം നിനക്കുണ്ടാവില്ലേ? ഞാനൊരു പകാരം ചെയ്യാം. ഈ മാമ്പൂക്കളൊക്കെ കരിയിച്ചു കളയാം."

"അരുതേ." മാവു പറഞ്ഞു.

"തണലും മധുരവും മറ്റുള്ളവർക്കു നൽകുന്നതിലാണ് എനിക്കു സന്തോഷം. ചില്ലറ ഉപദ്രവങ്ങളൊക്കെയുണ്ടാവും. ആ കുസൃതികൾ സാരമില്ല."

"നിന്റെ ഇഷ്ടം." വെയിൽ നിരാശയോടെ പറഞ്ഞു.

നാളുകൾ കടന്നു. ഉണ്ണികൾ വിരിഞ്ഞു. മാവാകെ കണ്ണിമാങ്ങകളാൽ നിറഞ്ഞു. അതിനെ തലോടി കാറ്റു കടന്നുവന്നു.


"എന്റെ പ്രിയ ചങ്ങാതീ, ഈ സമൃദ്ധി നിനക്കാപത്തല്ലേ? ഞാൻ ശക്തിയായി വീശാം. ഈ കണ്ണിമാങ്ങകളെ കൊഴിച്ചുതരാം. കല്ലേറിൽ നിന്നു നീ രക്ഷപ്പെടും." കാറ്റിന്റെ ഉപദേശം കേട്ട മാവു പറഞ്ഞു.

"ഞാനെത്ര വേദനിച്ചിരിക്കുന്നു. എന്നാൽ എന്റെ മാമ്പഴങ്ങൾ കിളികളും അണ്ണാനും കുഞ്ഞുങ്ങളും ആളുകളും നുകരുമ്പോൾ, ആ വേദനയെല്ലാം മറക്കും. ആയുസ്സുള്ള കാലത്തോളം തണലും മധുരവും നൽകണമെന്നാണ് എന്റെ ആഗ്രഹം. അതു തടയരുതേ."

വിറച്ചുനിന്ന മാവിനോടു കാറ്റു പറഞ്ഞു:

"ശരി, ശരി, നിന്റെ ആഗ്രഹം അതാണെങ്കിൽ അതു നടക്കട്ടെ. പക്ഷേ, ആർത്തിയോടുകൂടി നടക്കുന്ന മനുഷ്യരെ നീ സൂക്ഷിച്ചോളൂ." ആ മുന്നറിയിപ്പിനു മാവ് നന്ദി പറഞ്ഞു.

പുതുതായി പൂത്ത പൂങ്കുലകളൊന്നും കൊഴിക്കാതെ മഞ്ഞ് മാറിപ്പോയി. ചില്ലകൾ കലുക്കാതെ ഇളംകാറ്റു തഴുകി. പൂമ്പാറ്റകളും കിളികളും കുശലം



## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി

### വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com


ചോദിച്ച് അടുത്തെത്തി. വെയിലും ചൂടും കൊണ്ട് പച്ചമാങ്ങകളൊക്കെ സ്വർണനിറമായിത്തുടങ്ങി. മാങ്ങകളാൽ മാവ് അമ്മാനമാടി. കാറ്റിൽ നാട്ടുമാമ്പഴത്തിന്റെ സുഗന്ധമൊഴുകി. മണം പിടിച്ച് കിളികൾ വന്നു. മധുര മാമ്പഴങ്ങൾ തിന്ന് അവ വിശപ്പകറ്റി; പാട്ടുപാടി. അണ്ണാറക്കണ്ണന്മാർ 'ചിൽചിൽ' ചിലച്ചുകൊണ്ട് മാമ്പഴക്കാലം ആഘോഷിച്ചു. അതു കണ്ട് മാവിന്റെ മനം കുളിർത്തു. കൂക്കുവിളികളോടെ കുട്ടികളോടിയെത്തി. അവർക്ക് കല്ലെറിയേണ്ടി വന്നില്ല. ഇടയ്ക്കിടെ മാമ്പഴങ്ങൾ താഴേക്കു പതിച്ചു. കാറ്റിൽ മാവ് തലയും ചില്ലകളു മാട്ടി. അണ്ണാറക്കണ്ണന്മാർ ഇടയ്ക്കിടെ ചാടി രസിക്കവേ, പിന്നെയും മധുരങ്ങളുതിർന്നു.

അപ്പോഴാണ് ചിലർ അതിനു ചുവട്ടിലേക്കു വന്നത്. തണലിൽ അവരിരുന്നു. പഞ്ചാര മധുരം നുണഞ്ഞു.

"സംഗതിയൊക്കെ കൊള്ളാം. ഏതു നിമിഷമാണ് പൊട്ടിവീഴുകയെന്നറിയില്ലല്ലോ. പൊന്നു കായ്ക്കുന്ന മരമായാലും പുരപ്പുറത്തേക്കു ചാഞ്ഞാൽ വെട്ടണമെന്നല്ലേ പ്രമാണം."

അതു കേട്ട് മാവ് അതിയായി ദുഃഖിച്ചു. എത്രയെത്ര മഞ്ഞും മഴയും വെയിലും കൊണ്ടു? തളിരും തണലും മധുരവും നൽകി. എന്നിട്ടും... മഞ്ഞും വെയിലുമൊക്കെ പറഞ്ഞ ഉപദേശം മാവ് ഓർത്തുപോയി. സാരമില്ല, എന്തും നേരിടാം.

പിറ്റേന്ന് മാവുവെട്ടുകാർ വന്നു. അവർ മഴുവും വാളുമൊക്കെയായി തയ്യാറായി. മാവു നടുങ്ങിപ്പോയി! പെട്ടെന്ന് ഒരു കൂട്ടം കുട്ടികൾ ഓടിവന്നു. അവർ മരമുത്തശ്ശിക്കു ചുറ്റും കൈകോർത്തുനിന്നു പ്രഖ്യാപിച്ചു:

"ഈ മാവു വെട്ടരുത്. ഇതു ഞങ്ങളുടെ മുത്തശ്ശിയാണ്."

"ഒന്നു പോകിനെടാ പുള്ളാരേ," മരം വെട്ടുകാർ ദേഷ്യപ്പെട്ടു. കേട്ടറിഞ്ഞ കുട്ടികളൊക്കെ ഓടിയെത്തി.

"ഞങ്ങളിവിടെ നിന്ന് പോകില്ല. പ്രാണൻ വെടിഞ്ഞും ഞങ്ങളീ മാവിനെ കാക്കും." ചിലർ പാടി:

*"മരമൊരു വരമാണേ*
*മാവൊരു തണലാണേ*
*"മധുവൊഴുകും കുളിരാണേ*
*മനമലിയും നിറവാണേ."* ആളുകൾ കണ്ണുമിഴിച്ചു നിൽക്കേ, മറ്റൊരു സംഘം പാടിക്കൊണ്ടിരുന്നു:

*"കുളിരും മധുരവുമൊഴുകും മാവിൻ*
*തണലിലൊരൊത്തിരി കഥയുണ്ടേ,*
*കളികളൊരൊത്തിരി, പാട്ടുകൾ പഴമകൾ*
*കളകളകുളിരല നിറവാണേ...*
*കിളികളും ഞങ്ങളും നിങ്ങളുമെല്ലാം*
*കളിയാട്ടന്നോരിടമാണേ."*

കുഞ്ഞുകണ്ഠങ്ങളിലെ നൊമ്പരം പാട്ടായൊഴുകി മാനത്തെത്തി.

"അല്ലാ, പിള്ളേരു പറയുന്നതല്ലേ കാര്യം?" മുതിർന്നവരിലൊരാൾ പറഞ്ഞു.

"പരമാർത്ഥം. നമുക്കീ മുത്തശ്ശിയെ സംരക്ഷിക്കാം."

"ഇതു മാത്രം പോരാ, ആ മരമീമരമൊക്കെയും വേണം." ആരോ മൊഴിഞ്ഞു. കൂടി നിന്നവരെല്ലാം ചേർന്ന് മാവിനു ചുറ്റും മനോഹരമായൊരു തറകെട്ടി. കാറ്റേറ്റിരിക്കാനും കഥ പറയാനും കളിചിരിയോടെ സമയം പോക്കാനും പറ്റിയ ഒരിടം!

മനുഷ്യരുടെ സ്നേഹപ്രകടനം കണ്ട് മാവ് കോരിത്തരിച്ചു. പുഞ്ചിരിയോടെ പൊൻവെയിലുദിച്ചു. മരച്ചില്ലകളെ തഴുകി, ആളുകളെ തലോടി ഇളങ്കാറ്റ് വീശിത്തുടങ്ങി.

# പ്രളയകാലം



**ഇ പി പവിത്രൻ**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

കരിമേഘത്തിരമാലകൾ
തെളിവാനം പൊതിയുമ്പോൾ
പകലിരവുകൾ പെരുമാരി
കലിതുള്ളിപ്പെയ്യുമ്പോൾ
പുഴയൊക്കെ കരയേറും
മലയൊക്കെ നടുപിളരും
മരമൊക്കെ കടപുഴകും
പുരയൊക്കെത്തറപറ്റും
നരനാരികൾ നാൽക്കാലികൾ
നിലതെറ്റിപ്പാടുപെടും.

മഴയറുതിക്കൊടുവിൽ പക-
ലൊരു നാളിൽ പുലരുമ്പോൾ
കുടിലില്ലാ വീടില്ലാ
വയലില്ലാ വിളയില്ലാ.
തെരുവൊക്കെത്തോടായി
കടയൊക്കെക്കിണറായി
ഒരു നേരം വെച്ചുണ്ണാ-
നൊരു തരിയരിമണിയില്ല.

ഉറ്റവരിൽ ചിലരില്ല
തിരയാനിനിയിടമില്ല
കരുണയ്ക്കായ് കൈകൂപ്പി
കരയുന്നൊരു നാടാകെ.

ഒരു മെയ്യായൊരുമനമാ-
യവിടെ നാമെത്തേണം
കനിവിൻ കടലൊഴുകേണം
കൈത്താങ്ങായ്ത്തീരേണം.
ചുടുകണ്ണീരൊപ്പേണം
ഹൃദയം പകുക്കേണം
അവിടൊക്കെ ജീവിതം
ഇനിയും തളിർക്കേണം
അതിജീവനത്തിന്റെ
കൊടികൾ പറക്കേണം.
അതിനിടയിലൊരുനാളു-
മോർക്കാതെ പോകേണ്ട
മുറിവേറ്റ പ്രകൃതി
പഠിപ്പിച്ച പാഠങ്ങൾ.



# നമ്മുടെ ഗാന്ധി

"ഇതുപോലെ മജ്ജയും മാംസവുമുള്ള ഒരു മനുഷ്യൻ ഈ ഭൂമുഖത്ത് ജീവിച്ചിരുന്നു എന്ന് വരുംതലമുറ വിശ്വസിച്ചേക്കില്ല." ഗാന്ധിജിയെക്കുറിച്ച് ഇങ്ങനെ പറഞ്ഞത് ലോകപ്രശസ്ത ശാസ്ത്രകാരനായ ഐൻസ്റ്റൈനാണ്. ഗാന്ധിജിയുടെ ജീവിതം പരിശോധിച്ചാൽ ഇപ്പറഞ്ഞത് ശരിയാണെന്ന് നമുക്കും മനസ്സിലാവും. എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ചിന്തകൾക്കും പ്രവൃത്തികൾക്കും വേർതിരിവുകൾ ഉണ്ടായിരുന്നില്ല. ഗാന്ധിജിയുടെ ജീവിതത്തിലെ ചില പ്രധാന സംഭവങ്ങളിലൂടെ ഒന്ന് കടന്നു പോവാം. ആ വർഷങ്ങൾ ഏതെല്ലാമെന്ന് കള്ളിയിൽ എഴുതു.



**1** ഗാന്ധി നടത്തിയ ആദ്യ സത്യഗ്രഹസമരം ദക്ഷിണാഫ്രിക്കൻ ഭരണകൂടത്തിന്റെ നിർബന്ധിത രജിസ്ട്രേഷൻ നിയമത്തിൽ പ്രതിഷേധിച്ചായിരുന്നു. പിന്നീട് ഇന്ത്യയിലെത്തി ഗുജറാത്തിലെ സബർമതി തീരത്ത് ആശ്രമം സ്ഥാപിച്ചു. അങ്ങനെയാണ് അദ്ദേഹം ബീഹാറിലെ ചമ്പാരൻ ജില്ലയിലെ നീലം കർഷകരുടെ പ്രശ്നങ്ങൾ പഠിക്കുന്നത്. ബ്രിട്ടീഷുകാർ ഇവരെ വൻതോതിൽ ചൂഷണം ചെയ്യുന്നതിനെതിരെ സത്യഗ്രഹം തുടങ്ങി. ഇന്ത്യയിലെ, ഗാന്ധിയുടെ ആദ്യ സത്യഗ്രഹമായിരുന്നു അത്.

വർഷം ☐☐☐☐

**2** ജയിൽവാസത്തിനിടയ്ക്കാണ് ഗാന്ധിജി ആത്മകഥയായ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എഴുതിത്തുടങ്ങിയത്.



വർഷം ☐☐☐☐



**3** ബ്രിട്ടീഷ് ഗവൺമെന്റ് റൗലറ്റ് നിയമം പാസ്സാക്കി. ഇതുപ്രകാരം ഏതൊരു ആളെയും വിചാരണ കൂടാതെ അറസ്റ്റ് ചെയ്ത് തടവിലാക്കാം. ഗാന്ധിജി ഇതിനെതിരെ ശക്തമായ പ്രക്ഷോഭം സംഘടിപ്പിച്ചു. രാജ്യവ്യാപകമായി ഗാന്ധിയുടെ നേതൃത്വത്തിൽ ഹർത്താൽ നടന്നു.

വർഷം ☐☐☐☐



**4** ഉപ്പ് നിർമിക്കുന്നതിനുള്ള ബ്രിട്ടീഷ് ഗവൺമെന്റിന്റെ കുത്തകയും ഉപ്പുനികുതിയും ഇന്ത്യയിലെ സാധാരണക്കാർക്ക് കടുത്ത പ്രശ്നമായി. ഇതിനെതിരെ ഗുജറാത്തിലെ ഗ്രാമത്തിലൂടെ സഞ്ചരിച്ച് ദണ്ഡി കടപ്പുറത്ത് എത്തുകയും ഉപ്പുനിയമം ലംഘിക്കുകയും ചെയ്തു. ഇതാണ് ദണ്ഡി മാർച്ച് എന്നറിയപ്പെടുന്നത്.

വർഷം ☐☐☐☐

**5** രാംസേ മക് ഡോണാൾഡ് എന്ന ബ്രിട്ടീഷ് പ്രധാനമന്ത്രി ഇന്ത്യക്കാർക്ക് കമ്മ്യൂണൽ അവാർഡുകൾ പ്രഖ്യാപിച്ചു. അതിൽ അധഃകൃത വർഗക്കാരെ ഒരു പ്രത്യേക വിഭാഗമായി ഉൾപ്പെടുത്തിയിരുന്നു. ഇത് ഗാന്ധിജി എതിർത്തു. അവാർഡ് പിൻവലിക്കാനായി യെർവാദ ജയിലിൽ മരണംവരെ നിരാഹാരം കിടക്കാൻ ഗാന്ധി തീരുമാനിക്കുകയും അയിത്തോച്ചാടനത്തിനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കാനും ഗാന്ധിജി തീരുമാനിച്ചു.

വർഷം ☐☐☐☐






**6** ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി സമരങ്ങൾ ആളിക്കത്തി. അങ്ങനെയാണ് ചരിത്ര പ്രസിദ്ധമായ ക്വിറ്റ് ഇന്ത്യാ സമരം വരുന്നത്. ഗാന്ധിജി തന്റെ പ്രസിദ്ധമായ പ്രസംഗം നടത്തുന്നത് ഈ വേളയിലാണ്.

വർഷം ☐☐☐☐

**7** ദൽഹിയിലെ ബിർളാ ഹൗസിലെ പ്രാർഥനാ യോഗത്തിനെത്തിയതായിരുന്നു ഗാന്ധിജി. ഇവിടെ വച്ച് വിനായക് നാഥൂറാം ഗോഡ്സേ എന്ന ഹിന്ദുമതക്കാരനായ ഒരു തീവ്രവാദി പ്രവർത്തകൻ അദ്ദേഹത്തെ വെടിവെച്ച് കൊലപ്പെടുത്തുകയായിരുന്നു. അതിനു ശേഷം എല്ലാ വർഷവും ആ ദിവസം രക്തസാക്ഷിദിനമായി നമ്മൾ ആചരിക്കുന്നു.

വർഷം ☐☐☐☐ (പേജ് 37 കാണുക)





സുരേന്ദ്രൻ ചെത്തുകടവ്

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

പരീക്ഷണശാല –1

# വീർപ്പിച്ച ബലൂൺകൊണ്ട് കുപ്പിയെ പൊക്കാമോ?



**ബലൂണിന്റെ കെട്ടഴിക്കാതെ കുപ്പിയെ പൊക്കാമോ?" ടീച്ചർ വെല്ലുവിളി അവതരിപ്പിച്ചു.**

ഉച്ചകഴിഞ്ഞ് ആദ്യത്തെ പിരിയേഡ് സയൻസാണ്. വിജിട്ടീച്ചർ വരുന്നുണ്ടോയെന്ന് കുട്ടികൾ ആകാംക്ഷയോടെ പുറത്തേക്ക് നോക്കിനിന്നു. അതാ ടീച്ചർ വരുന്നു. കയ്യിലൊരു കുപ്പിയും ബലൂണുമുണ്ട്. ടീച്ചറിന്റെ ക്ലാസിൽ മിക്ക ദിവസവും ഒരു ശാസ്ത്ര പരീക്ഷണം ഉണ്ടാകും. കുട്ടികൾ തന്നെയാണ് അധിക പ്രവർത്തനവും ചെയ്യാറ്.

"ഇതെന്ത് മാജിക്ക് ആണ് ടീച്ചറേ?" മൈമൂന ചോദിച്ചു.

"പറയാം, പറയാം. ഇതാ ഈ കുപ്പി ഒരു ബലൂൺ കൊണ്ട് പൊക്കാൻ നിങ്ങൾക്കാർക്കെങ്കിലും പറ്റുമോ? കുപ്പി ഗ്ലാസുകൊണ്ടുള്ളതാ. പൊട്ടിപ്പോകരുത്."

കേൾക്കേണ്ട താമസം വിഘ്നേശ് ഓടിയെത്തി ബലൂൺ വാങ്ങി. അതിന്റെ വായ്ഭാഗം പിടിച്ച് മറ്റേ ഭാഗം കുപ്പിക്കുള്ളിലേക്ക് ഇറക്കിവെച്ച് ഊതിവീർപ്പിച്ച്, അവൻ കുപ്പിയെ പൊക്കിയെടുത്തു.

"ഇന്ന് ടീച്ചറിന്റെ മാജിക്ക് പൊളിഞ്ഞല്ലോ." മാളവിക വിളിച്ചുകൂവി.

ടീച്ചർ ചിരിച്ചു.

"ശരി, ഇത്രയും ചെയ്ത വിഘ്നേശിന് നമുക്ക് നല്ലൊരു ക്ലാപ്പ് കൊടുക്കാം. അല്ലേ." കുട്ടികൾ കയ്യടിച്ചു.



ഒരു മാന്ത്രികന്റെ ഭാവത്തോടെ ടീച്ചർ ബലൂൺ വാങ്ങി; വീർപ്പിച്ചശേഷം അതിന്റെ വായ്ഭാഗം കെട്ടിയുറപ്പിച്ചു. “ഇനി ബലൂണിന്റെ കെട്ടഴിക്കാതെ കുപ്പിയെ പൊക്കാമോ?” ടീച്ചർ അടുത്ത വെല്ലുവിളി അവതരിപ്പിച്ചു.

റോഷനും നീരജയും ഷാനയും പല ശ്രമങ്ങൾ നടത്തിയെങ്കിലും ഒന്നും വിജയിച്ചില്ല. വിജിട്ടീച്ചർ റോഷനെ വിളിച്ചു. ചെറിയൊരു പേപ്പർകഷണം അവന് കൊടുത്തു, ഒരു തീപ്പെട്ടിയും.

“പേപ്പർ കത്തിച്ച് കുപ്പിയിലിടൂ.” ടീച്ചർ പറഞ്ഞു.

കുപ്പിക്കുള്ളിലെ പേപ്പർ കഷണം നന്നായി കത്തിയ ശേഷം ടീച്ചർ ബലൂൺ കുപ്പിയുടെ വായ്ഭാഗത്ത് ചേർത്ത് പിടിച്ചു.

അത്ഭുതം. അതാ ബലൂണിന്റെ കുറേഭാഗം കുപ്പിക്കുള്ളിലേക്ക് ഇറങ്ങിക്കഴിഞ്ഞു.

ഷാന ഓടിവന്ന് ബലൂണിൽ പിടിച്ച് കുപ്പിയെ പൊക്കി.

അത്ഭുതത്തോടെ നോക്കിനിന്നവരോടായി ടീച്ചർ പറഞ്ഞു.

“നമ്മൾ കടലാസ് കത്തിച്ച് കുപ്പിയിലിട്ടപ്പോൾ, അതിനുള്ളിൽ ചൂടായ വായു വികസിക്കുകയും പുറത്തേക്ക് പോവുകയും ചെയ്തു. അതായത് കുപ്പിക്കകത്ത് മർദം കുറഞ്ഞു. പുറത്തുനിന്നുള്ള അന്തരീക്ഷമർദത്തിന്റെ ശക്തി കൂടിയായപ്പോൾ മർദം കുറഞ്ഞ കുപ്പിക്കുൾഭാഗത്തേക്ക് ബലൂൺ ഇറങ്ങുകയാണുണ്ടായത്. മനസ്സിലായോ നിങ്ങൾക്ക്.” ടീച്ചർ പുഞ്ചിരിച്ചു.





**പ്രേമജ ഹരീന്ദ്രൻ** 2 ചിത്രീകരണം: റോഷൻ



ഏഴാം വയസ്സിലാണ് സുപ്പുവിനെ ഉമ്മ ഒന്നാം ക്ലാസ്സിൽ ചേർത്തത്. അതുകൊണ്ട് തന്നെ ക്ലാസ്സിൽ എല്ലാവരേക്കാളും വലിയ കുട്ടിയായിരുന്നു അവൻ.

"വയ്യാത്ത കുട്ടിയല്ലേ, അതോണ്ടാ ചേർക്കാൻ വൈകിയത്," എന്ന് ഉമ്മ ടീച്ചർമാരോട് പറയുന്നത് സുപ്പുവും കേട്ടതാണ്.

സ്കൂളിൽ നിന്ന് ഒന്നാമത്തെ ദിവസം ലഡുവും ബലൂണുമൊക്കെ കിട്ടിയപ്പോൾ സുപ്പുവിന് സന്തോഷമായി. നല്ല സ്കൂൾ. പക്ഷേ, പിറ്റേന്ന് ഉച്ചയായിട്ടും ആരും സുപ്പുവിന് ലഡു കൊടുത്തില്ല. ഇനി ഞാൻ വരുന്നതിന് മുമ്പ് കൊടുത്തുകാണുമോ? അവന് ഇരിക്കപ്പൊറുതിയില്ലാതായി.

ഒടുവിൽ ധൈര്യം സംഭരിച്ച് സുപ്പു ടീച്ചറുടെ അടുത്തെത്തി.

"സീച്ചറേ, എനിക്ക് ഇന്ന് ലഡു കിത്തിയില്ല," അവൻ വിലാസിനി ടീച്ചറോട് പരാതി പറഞ്ഞു.

"പോയി സീറ്റിലിരിക്കെടാ. ഇതെന്താ ബേക്കറിയാ ദിവസോം ലഡു തരാൻ!"

ടീച്ചർ വടിയെടുത്ത് മേശമേലടിച്ചു. 'ഠപ്പേ' എന്ന് ശബ്ദമുണ്ടായി, ടീച്ചറുടെ രണ്ടു കയ്യിലും നിറച്ചുമിട്ടിരിക്കുന്ന സ്വർണവളകൾ ശബ്ദമുണ്ടാക്കി.

ടീച്ചറുടെ മാലയ്ക്ക് എന്തൊരു വണ്ണവും നീളവുമാണെന്ന് സുപ്പു അത്ഭുതപ്പെട്ടു. അവന്റെ ഉമ്മയുടെ കഴുത്തിൽ ആകെ ഒരു കറുത്ത ചരടേയുള്ളൂ. കാതിലിടാൻ ഇടയ്ക്ക് തുളസിയുടെ കമ്പ് പൊട്ടിച്ചു കൊടുക്കുന്നത് സുപ്പുവാണ്. കാത് പഴുക്കാതിരിക്കാനാ തുളസിയുടെ കമ്പ് എന്നാ ഉമ്മ പറയുന്നത്.

ഇനി ടീച്ചറുടേതു പോലുള്ള നല്ല തൂങ്ങിയാടുന്ന കമ്മലുകളും വലിയ മാലയുമിടാൻ പറയണം ഉമ്മയോട്. അപ്പോ ഉമ്മയെ കാണാൻ എന്തൊരു ചന്തായിരിക്കും! അവൻ തനിയെ ചിരിച്ചു.

"ഇതെന്താ സുഫിയാൻ തനിയെ ചിരിക്കുന്നത്?" ടീച്ചർ ചോദിച്ചു.

ഇപ്പോ ട്രൗസറിൽ മൂത്രമൊഴിച്ചു പോവും എന്നു സുപ്പുവിന് തോന്നി.

"സീച്ചറേ മൂത്രമൊഴിക്കാൻ പോട്ടെ?"

"ഉം വേഗം പോയി വാ."

എല്ലാരും നേരത്തെ പോയിരിക്കുന്നു. സ്വപ്നം കണ്ടിരുന്ന് ബെല്ലടിച്ചത് കേട്ടില്ല. അവൻ ഓടി.

മൂത്രപ്പുരയുടെ മുന്നിൽ വലിയ ക്യൂവാണ്.

**സുപ്പുവിന്റെ കുറ്റകൃത്യങ്ങളുടെ വിവരണം നടന്നു. അവസാനം ചൂരൽകൊണ്ട് അവന്റെ കൈവെള്ളയിൽ നാലടി വീണു. സുപ്പുവിന്റെ കണ്ണിൽ നിന്നും പൊന്നീച്ച പാറി.**



"ഞാനിപ്പോ ഒഴിച്ചുപോകും. ഒന്നു പോയ്ക്കോത്തെ?"

സുപ്പു ചോദിച്ചു. ആരും അതു കേട്ടതായി ഭാവിച്ചില്ല. അവൻ അകത്തേക്ക് കയറാൻ തുടങ്ങിയതും മുന്നിലുണ്ടായിരുന്ന കുട്ടി കാലുകൊണ്ട് ഒരു തട്ട് കൊടുത്തു. പാവം സുപ്പു കമഴ്ന്നടിച്ചു വീണു.

"എന്താടാ, ഞാനല്ലേ മുന്നില്! പിന്നെങ്ങനെയാ നീ പോവ്വാ ആദ്യം?"

സുപ്പു അവനെ പിടിച്ചുതള്ളിമാറ്റി അകത്തേക്കോടി. മൂത്രമൊഴിച്ചു തിരിച്ചുവന്നപ്പോഴാണ് കണ്ടത് നേരത്തെ തള്ളിമാറ്റിയവൻ വീണിരിക്കുന്നത് മഴ പെയ്തു കെട്ടിക്കിടക്കുന്ന വെള്ളത്തിലെ കുട്ടച്ചെളിയിലാണ്.

കുട്ടികളെല്ലാം കൂടി ഘോഷയാത്രയായി ഹെഡ്മാഷിന്റെ അടുത്തേക്ക് യാത്രയായി. സുപ്പുവിന്റെ കുറ്റകൃത്യങ്ങളുടെ വിവരണം നടന്നു. അവസാനം ചൂരൽകൊണ്ട് അവന്റെ കൈവെള്ളയിൽ നാലടി വീണു. സുപ്പുവിന്റെ കണ്ണിൽ നിന്നും പൊന്നീച്ച പാറി. അവന് പറയാനുള്ളതൊന്നും ആരും കേട്ടില്ല.

അടുത്ത കുഴപ്പമുണ്ടായത് വിലാസിനി ടീച്ചർ 'റ'യും 'ര'യും പഠിപ്പിക്കുമ്പോഴായിരുന്നു.

*(തുടരും)*





**ഷിബിൻ എ**

ചിത്രീകരണം: കെ.സതീഷ്

# ടെലിഫോൺ




“അവടേം ഇവിടേം ഉള്ള ഫോണിലൂടെ, എങ്ങനാ പറേണത് ഞമ്മൾ കേക്കുന്നത്...”

സംശയം ചോദിച്ച ചെറിയാപ്പുവിനോട് എന്താ പറയേണ്ടത് എന്നെനിക്കറിയില്ലായിരുന്നെങ്കിലും, നീ അതിന്റെ അറ്റത്തുള്ള വള്ളി കണ്ടിട്ടില്ലെ പൊട്ടാ... എന്ന് തെല്ലഹങ്കാരത്തോടെ ഞാൻ വിശദീകരിച്ചപ്പോൾ എന്റെ അറിവിന്റെ ആഴമോർത്ത് അവന് അസൂയ തോന്നിയിരിക്കണം. “ആ വള്ളിയുടെ ഉള്ളിലുള്ള കമ്പിക്കുള്ളിലൂടെയാണ് ഒച്ച സഞ്ചരിക്കുന്നത്.” ഗമ ഒട്ടും വിടാതെ തട്ടുകയാണ്.

"അപ്പോ, മ്മളെ അങ്ങാടീലെ ആലിന്റെ ചോട്ടിലെ ആ പെട്ടി തുറന്നാൽ ഓരോരുത്തരും പറയണ ഞമ്മക്ക് കേക്കാലെ..."

ചെറിയാപ്പുവിന്റെ ജിജ്ഞാസ കൂടിവരികയാണ്. ഓനോട് ആരോ പറഞ്ഞ് കൊടുത്തതാണെ പോലും, ആലിൻചോട്ടില് പണ്ട് ലോറി താണുപോയ ആ സ്ഥലത്തെ ദീർഘചതുരപ്പെട്ടി ഫോണിന്റെ എന്തോ കുന്ത്രാണ്ടമാണെന്ന്...!

"ഏയ് അതൊന്നും പറ്റില്ല... ഇജ്ജ് വിചാരിച്ച മാതിരിയല്ല അതൊന്നും... " ഞാൻ വിട്ടില്ല.

"എന്താ പറ്റാത്തെ." ചെക്കൻ വിടുന്നില്ല. അവസാനം "ലുട്ടാപ്പീന്റെ കുന്തം ഞമ്മക്ക് ഉണ്ടെങ്കിൽ... ല്ലെ..." ന്നൊരു വിഷയം ഇടേണ്ടിവന്നു, എനിക്ക് തടിയൂരാൻ.

വീടിന്റെ അടുക്കളമുറ്റത്ത് കെട്ടിയ ആ ചെറിയ മൺവരമ്പിൽ ഇരുന്നുകൊണ്ട് സംശയത്തിന്റെ കാട്ടുകയറുമ്പോഴാണ് കയ്യിൽ ഒരു കവറും പിടിച്ചുകൊണ്ട് മുണ്ടിന്റെ മടക്കുത്ത് ഒരു പ്രത്യേക തരത്തിൽ ഒരറ്റത്തേക്ക് വലിച്ചുട്ടത്ത് കേറിവരുന്ന കൃഷ്ണേട്ടനെ കണ്ണിലുടക്കിയത്.

എന്റെ ചോദ്യത്തിനുത്തരം അദ്ദേഹത്തിന്റടുത്തുണ്ടാവും. അതെനിക്കുറപ്പായിരുന്നു. നേരെ കൃഷ്ണേട്ടന്റെ അരികിലെത്തി.

"കൃഷ്ണേട്ടാ... ഞമ്മക്കൊരു ഫോൺ വാങ്ങിയാലോ?" ചോദിക്കാൻ വിചാരിച്ചതല്ല വായിൽ നിന്ന് പുറത്തുവന്നത്.

"എന്തിനാ കുഞ്ഞോനേ അനക്കിപ്പോൾ ഫോൺ..."

മുന്നിലെ ഇറയത്ത് നിറച്ച് വച്ച പാത്രത്തിൽ നിന്നും കുറച്ച് വെള്ളമെടുത്ത് കാൽ കഴുകിയശേഷം കൃഷ്ണേട്ടൻ കോലായിലേക്ക് കയറി. ഒപ്പം ഞാനും.


"അപ്പോ നിനക്ക് ഫോൺ വേണം അല്ലേ..." കയ്യിലുള്ള യുറീക്കാ മാസികയുടെ ഒരുകെട്ട് മേശപ്പുറത്ത് വച്ചുകൊണ്ട് കൃഷ്ണേട്ടൻ തന്റെ വെള്ള ഷർട്ടഴിച്ച്‌വച്ച് ഉമ്മറത്തെ ഇളംനീല ശീലവിരിച്ച ചാരുകസേരയിൽ വന്നിരുന്നു.

"മ്മക്കൊരു ഫോണുണ്ടാക്കിയാലോ ഡാ..."

എന്റെ പ്രതികരണത്തിന് മുന്നേ... ഉമ്മറത്തെ ഇടത്തേ മൂലയിലുള്ള കാൽച്ചുവരിന് മുകളിൽ നിന്നും എന്നേക്കാളും പ്രായം തോന്നിക്കുന്ന ഒരു മരപ്പെട്ടിയെടുത്ത് മുന്നിൽ വച്ചു. ഒരു പഴകിയ മഞ്ഞ കളറാർന്ന മെഴുകുകട്ടയും കുറേ തുരുമ്പിച്ച ആണിയും ഒരു ചെറിയ സ്ക്രൂഡ്രൈവറും ഒരു ഹാമറും മറ്റു സാധനങ്ങളും അടങ്ങിയ ഒരു പെട്ടി. പിറകോട്ടോടിയ കാലത്തിൽ മനസ്സിന്റെ കോണിൽ ഇപ്പഴും മലർക്കെ തുറന്ന് കിടക്കുന്ന ഒരു നൊസ്റ്റാൾജിയ ബോക്സ്...

പെട്ടിക്കുള്ളിൽ നിന്നും കെ.പി.നമ്പൂതിരീസ് പൽപ്പൊടിയുടെ ഒഴിഞ്ഞ രണ്ട് ടിന്നുകളെടുത്ത് മേശവലിപ്പിൽ നിന്നെടുത്ത ഒരു നൂലുണ്ടയും ബന്ധപ്പെടുത്തി ടിന്നിന്റെ ഒരറ്റം എന്റെ കയ്യിൽ തന്ന് കുറച്ചകലെയായി നിർത്തി എന്നോട് പറഞ്ഞു: "അന്റെ ഫോൺ റെഡിയായി ട്ടോ..."

വെള്ള നൂലാൽ ബന്ധിയാക്കിയ ഒരു ടിൻ എന്റെ ചെവിയോടടക്കി പിടിച്ചപ്പോൾ അങ്ങേ അറ്റത്തുനിന്നും ഒരു നേർത്ത ശബ്ദം കർണപുടങ്ങളെ തഴുകിയത് ഇന്നും ഇക്കിളിപ്പെടുത്തിക്കൊണ്ട് നിൽക്കുന്നത് എന്റെ മനസ്സിലാണോ കാതിലാണോ...? ഇനിയും തീരുമാനമായിട്ടില്ല.



ചുരുട്ടിയെടുത്ത നൂലും പാട്ടയുമായി ഞാൻ ഓടിയത് ആർക്കിമിഡീസിനെക്കാളും വേഗതയിൽ തന്നെയായിരിക്കണം. ഏത് നേരവും വാലുപോല പിന്നാലെ കൂടുന്ന ചങ്ങായീനെ കാണാനുമില്ല. ഈ ഫോണിന്റെ ഒരറ്റത്തിന്റെ നേരവകാശി അവനല്ലാതെ മറ്റാരാണ്...!

എന്റെ തലവട്ടം കണ്ടപ്പോഴേക്കും ആ പുകപിടിച്ച കൊച്ചു ജാലകത്തിലൂടെ ഉമ്മച്ചി വിളിച്ചുപറഞ്ഞു: "ഓൻ ബടെല്ലടാ..."

ഈ നല്ല നേരം നോക്കി ഓൻ പോയീണോലെ, വെടിയോട്ടുള്ള ഓന്റെ ഉമ്മാന്റെ കുടീക്ക് വിരുന്നിന്...

പഹയൻ...

# തോന്നലുകൾ



**ജയദേവൻ വി ടി**

ചിത്രീകരണം: രാജീവ് എൻ ടി



പാതയോരത്തൊരു
പുല്ലിനെ കാണുമ്പോ–
ഴുണ്ണിക്കു താനെന്നു തോന്നും.

അപ്പച്ചിലകളും
ഒറ്റ മഞ്ഞപ്പൂവും
പൂവിന്നിതളിലെ മഞ്ഞും
ഉള്ളൊരാളാണു
താനെന്ന പോലുണ്ണിക്കു
മേലാകെ കോരിത്തരിക്കും.


പാതയോരത്തെയ
പുല്ലിൽച്ചവിട്ടാതെ
ഉണ്ണി പതുക്കെ നടക്കും.

കുഞ്ഞിക്കുരുവിയെ,
കുയിലിനെക്കാണുമ്പോ–
ഴുണ്ണിക്കും ചിറകു പിടയ്ക്കും.

# നമ്മുടെ ഗാന്ധി

**പേ**ജ് 28 ലും 29 ലും എഴുതിച്ചേർത്ത വർഷങ്ങൾ ഒരിക്കൽക്കൂടി ഇവിടെ രേഖപ്പെടുത്തൂ. എന്നിട്ട് ഫോട്ടോയെടുത്ത് വാട്സപ്പ് ചെയ്യൂ. വിജയികളാകുന്ന **5 പേർക്ക് മഹാത്മാഗാന്ധിയുടെ ആത്മകഥ** സമ്മാനം.

ലഭിക്കേണ്ട അവസാന തീയ്യതി :
**2020 ജനുവരി 25.**



ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

1. ☐ ☐ ☐ ☐
2. ☐ ☐ ☐ ☐
3. ☐ ☐ ☐ ☐
4. ☐ ☐ ☐ ☐
5. ☐ ☐ ☐ ☐
6. ☐ ☐ ☐ ☐
7. ☐ ☐ ☐ ☐

പേര് : ..........................................................

ക്ലാസ് :..........................................................

സ്കൂൾ വിലാസം :........................................

..........................................................................

പോസ്റ്റ് :.......................................................


ജില്ല :............................................................

ഫോൺ :..........................................................

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

### തിരുത്ത്

2016 നവംബർ 16 ലക്കത്തിലെ പദപ്രശ്നം ഉത്തരം നൽകിയപ്പോൾ (ഡിസംബർ 16 ലക്കത്തിൽ) അച്ചടിപ്പിശക് വന്നതിൽ ഖേദിക്കുന്നു. ശരിയായ ഉത്തരം ഒരിക്കൽക്കൂടി നൽകുന്നു. തെറ്റ് ചൂണ്ടിക്കാട്ടിയ കൂട്ടുകാർക്ക് യുറീക്കയുടെ നന്ദി.




*With Best Compliments*
*From a Well wisher*

**ആവിഷ്കരണം**


**കുട്ടികളുടെ രചനാപൂരം 2020**

ഓർമ യുറീക്ക@50

**യുറീക്ക പ്രസിദ്ധീകരണത്തിന്റെ അമ്പതാം വർഷത്തിലേക്ക് പ്രവേശിച്ചു. പിന്നിട്ട വർഷങ്ങളിലെ ചില മികച്ച രചനകൾ വായനക്കാർക്ക് പരിചയപ്പെടുത്തുകയാണ് ഈ സന്തോഷവേളയിൽ. 2006 സെപ്റ്റംബർ ഒന്നാം ലക്കത്തിലെ ഒരു രചനയാണ് ഈ ലക്കത്തിൽ.**

# പാവയൂണ്

**വി എം ഗിരിജ**




പാവയൂണിനൊരുക്കാം. നീ പോയ്
പറയണ്ടോരെ വിളിച്ചോളൂ.
പാറുകയായീ മീനുക്കുട്ടി–
യൊരാളേം വിടുവാൻ പാടില്ലാ.
മുറ്റത്തെപ്പാഴിലെ മാറ്റീ,
തുത്തു നിരത്തി വെടിപ്പാക്കീ.
സാരി നീട്ടിപ്പന്തലുമിട്ടൂ
നേരം കഴിയാറായല്ലോ.
സാരമില്ലാ കളിയല്ലേ, യീപ്പാചക–




മൊരു കൺകെട്ടല്ലേ?
പ്ലാവില, കറുക, ഉണക്കത്തോലും
പൂവും കോലും ചെഞ്ചരലും
കോരിവിളമ്പാനമ്മ വരുമ്പോൾ
ആരാർ വന്നു നിരക്കുന്നു...
കാലുവെന്തു നടക്കും നായ.
ആകെ നനഞ്ഞൊരു പെൺപൂച്ച
കാലൊടിഞ്ഞൊരു കണ്ണില്ലാത്തൊരു
പാവംകാക്ക വയസ്സത്തി!
കൊമ്പുമുളയ്ക്കാക്കൊച്ചനൊരാട്
പല്ലില്ലാത്ത മനുക്കുട്ടൻ
കുടമണി കെട്ടിയ ചെമ്പിച്ചിപ്പയ്യ
രികേ താറാവിൻ കൂട്ടം.


ചിത്രീകരണം: സോമൻ കടലൂർ





കോഴിക്കുട്ട തുറന്നൊരു കൂട്ടർ,
ചോണനുറുമ്പിൻ പടയോട്ടം!
അണ്ണാർക്കണ്ണൻ, വേട്ടാളന്മാർ,
അരുമത്തുമ്പികൾ, പൂമ്പാറ്റ
അമ്പായ്പ്പായും പൂങ്കുരുവി, പൂ
ച്ചെണ്ടിലുറങ്ങും തേനീച്ച.
ചപിറ്റിലക്കിളി, മൈനകൾ,
മണ്ണിൽക്കളിച്ചുതീരാക്കുഴിയാന...
പാവയൂണിനു പന്തിയൊരുങ്ങേ–
പ്പഴയ യശോദ പിറക്കുന്നു
ആരിവർ, എന്ത്? പ്രപഞ്ചം മുഴുവൻ.






ആയമ്മയ്ക്കു പകയ്ക്കുന്നു!
പറയുകയാണ് "ഇത് കുറവായമ്മേ
പലരും വരുവാനൊത്തില്ല"
ഇവൾക്കു പുഞ്ചിരിയുണ്ടല്ലോ ചെ–
ന്നൊരൊറ്റ വറ്റാൽ നിറയിക്കാൻ.

കവിത കേൾക്കാൻ
സ്കാൻ ചെയ്യൂ

ഞാറ്റടി



ഞാറ്റടി നിങ്ങളുടെ സ്വന്തം പേജുകളാണ്. നിങ്ങളുടേത് മാത്രമായ രചനകൾ അയയ്ക്കൂ. വിലാസം: ഞാറ്റടി, യുറീക്ക, ചാലപ്പുറം, കോഴിക്കോട്–673002



# അക്കിത്തത്തിന് ജ്ഞാനപീഠം

**വിനു എ,** 5 ബി, അസ്സറ്റ് ഈസ്റ്റ് തൊട്ടേക്കാട്ട്, എറണാകുളത്തപ്പൻ റോഡ്, കൊച്ചി–682 011.

ഭാരതീയ സാഹിത്യത്തിൽ പരമോന്നതമായ അംഗീകാരമായി കണക്കാക്കുന്നത് ജ്ഞാനപീഠ പുരസ്കാരമാണ്. ഇത്തവണ അത് മലയാളത്തിനാണ്. അക്കിത്തത്തിനാണ് ഈ അംഗീകാരം ലഭിച്ചിരിക്കുന്നത്. ആറാമത്തെ തവണയാണ് ഈ അംഗീകാരം മലയാളത്തിന് ലഭിക്കുന്നത്.

1965ലാണ് ജ്ഞാനപീഠം പുരസ്കാരം നൽകിത്തുടങ്ങിയത്. മഹാകവി ജി ശങ്കരക്കുറുപ്പിനായിരുന്നു ആദ്യ പുരസ്കാരം. 'ഓടക്കുഴൽ' എന്ന കവിതാ സമാഹാരത്തിനായിരുന്നു അവാർഡ്.

വീണ്ടും ജ്ഞാനപീഠം അവാർഡ് മലയാളത്തിൽ എത്തുന്നത് 1980 ലാണ്. എസ് കെ പൊറ്റക്കാടിന്റെ 'ഒരു ദേശത്തിന്റെ കഥ' എന്ന നോവലിനാണ് പുരസ്കാരം ലഭിച്ചത്.

1982ൽ പുരസ്കാരം നൽകുന്ന രീതിയിൽ മാറ്റം വന്നു. ഏതെങ്കിലും സാഹിത്യകൃതിയ്ക്ക് നൽകുന്നതിനു പകരം സാഹിത്യകാരന്റെ സമഗ്ര സംഭാവനകൾക്കായി അവാർഡ്. 1984 ൽ തകഴി ശിവശങ്കരപ്പിള്ളയ്ക്ക് ജ്ഞാനപീഠം അവാർഡ് ലഭിച്ചു. 1995ൽ എം ടി വാസുദേവൻ നായർക്കും 2008 ൽ ഒ എൻ വി കുറുപ്പിനും ജ്ഞാനപീഠം ലഭിച്ചു.

ഈ വർഷം വീണ്ടും പുരസ്കാരം മലയാളത്തിനായി. കവി അക്കിത്തത്തിന്.

ഭാരതീയ സാംസ്കാരിക പൈതൃകത്തെയും ആധുനികതയേയും ചേർത്തുനിർത്തുന്നതിൽ വലിയ സംഭാവനകൾ നൽകുന്നതാണ് അക്കിത്തത്തിന്റെ കവിതകൾ എന്ന് ജ്ഞാനപീഠം സമിതി നിരീക്ഷിക്കുന്നു.

ആകാശവാണിയിലായിരുന്നു അക്കിത്തത്തിന് ജോലി. യോഗക്ഷേമം ആഴ്ചപ്പതിപ്പ്, മംഗളോദയം മാസിക എന്നിവയുടെ ഉപപത്രാധിപരായും ഉണ്ണിനമ്പൂതിരിയുടെ പ്രസാധകനുമൊക്കെയായി

അദ്ദേഹം മുമ്പ് പ്രവർത്തിച്ചിട്ടുണ്ട്.

1926 മാർച്ച് 18ന് പാലക്കാട് ജില്ലയിലെ കുമരനെല്ലൂരിൽ അമേറ്റിക്കര അക്കിത്തത്ത് മനയിൽ വാസുദേവൻ നമ്പൂതിരിയുടെയും ചേകൂർ മനയ്ക്കൽ പാർവതി അന്തർജനത്തിന്റെയും മകനായി ജനനം. മുഴുവൻ പേര് അക്കിത്തം അച്യുതൻ നമ്പൂതിരി. ബാല്യത്തിൽ തന്നെ സംസ്കൃതവും സംഗീതവും ജ്യോതിഷവും പഠിച്ചു. കുമരനെല്ലൂർ സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കോഴിക്കോട് സാമൂതിരി കോളേജിൽ ഇന്റർമിഡിയറ്റിന് ചേർന്നുവെങ്കിലും പഠനം പൂർത്തിയാക്കിയില്ല.



ചിത്രീകരണം: **അനൈനൻ ജിത് കെ,** 7 എ, കുന്നംകുളങ്ങര എ എം യു പി എസ്, മണക്കടവ്, കോഴിക്കോട്.

എട്ടു വയസിൽ എഴുതിത്തുടങ്ങി. ഇടശ്ശേരി, ബാലമണിയമ്മ, നാലപ്പാടൻ, കുട്ടിക്കൃഷ്ണമാരാർ, വി ടി ഭട്ടതിരിപ്പാട്, എം ആർ ബി തുടങ്ങിയവരുമായുള്ള സഹവർത്തിത്ത്വവും ശിഷ്യത്വവുമാണ് കവിതയുടെ ലോകത്തെ വിപുലമാക്കാൻ അക്കിത്തത്തെ സഹായിച്ചത്.

കവിതയിൽ മാനവികത ഉയർത്തിപ്പിടിച്ച കവിയാണ് അക്കിത്തം. മനുഷ്യസ്നേഹമാണ് അദ്ദേഹത്തിന്റെ കവിതകളുടെ മുഖമുദ്ര. സാഹിത്യം സ്നേഹത്തിലധിഷ്ഠിതമാണെന്ന് അക്കിത്തം ഓർമിപ്പിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, ബലിദർശനം, ധർമസൂര്യൻ, ആലഞ്ഞാട്ടമ്മ, സ്പർശമണികൾ, മാനസപൂജ, മധുവിധു, മധുവിധുവിനുശേഷം, പഞ്ചവർണക്കിളികൾ, വെണ്ണക്കല്ലിന്റെ കഥ, വീരവാദം, മനോരഥം, അനശ്വരന്റെ ഗാനം, സഞ്ചാരികൾ, സമന്വയത്തിന്റെ ആകാശം, കരതലാമലകം, അഞ്ച് നാടോടിപ്പാട്ടുകൾ, അന്തിമഹാകാലം, അക്കിത്തത്തിന്റെ കുട്ടിക്കവിതകൾ, കളിക്കൊട്ടിലിൽ തുടങ്ങിയവയാണ് കവിതാസമാഹാരങ്ങൾ. ഈ ഏട്ത്തി നൊണേ പറയൂ എന്ന നാടകവും അവതാളങ്ങൾ എന്ന ചെറുകഥയും ഉപനയനം, സമാവർത്തനം എന്നി ഉപന്യാസങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

'ബലിദർശനം ' എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, ജ്ഞാനപീഠസമിതിയുടെ മൂർത്തിദേവി പുരസ്കാരം, ഉള്ളൂർ അവാർഡ്, ആശാൻ അവാർഡ്, ലളിതാംബിക അന്തർജനം അവാർഡ്, വള്ളത്തോൾ അവാർഡ്, കൃഷ്ണഗീതി അവാർഡ്, സഞ്ജയൻ അവാർഡ്, പത്മപ്രഭ അവാർഡ്, മധ്യപ്രദേശ് സർക്കാരിന്റെ കബീർ സമ്മാൻ, ബാലാമണിയമ്മ അവാർഡ് തുടങ്ങി നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 2017ൽ പത്മശ്രീയും ലഭിച്ചിട്ടുണ്ട്.

# യു-മെയിൽ



**കത്തുകൾ അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002
Telegram : 9495981919

## ഗ്രേറ്റാ ദ ഗ്രേറ്റ്

ഒരുപാട് നാളായി മാമന് ഒരു കത്ത് എഴുതണംന്ന് വിചാരിച്ചിട്ട്. ഒത്തിരി കാര്യങ്ങൾ പറയാനുണ്ട് കേട്ടോ.

'ഗ്രേറ്റാ ദ ഗ്രേറ്റ്' എന്റെ തലക്കെട്ട് വായിച്ചല്ലോ? ആഗോളതാപനത്തിനെതിരെ ലോകരാഷ്ട്രങ്ങളെ ഒന്നാകെ ഇളക്കിമറിച്ച ധീരമായി ആഞ്ഞടിച്ച ഗ്രേറ്റ എന്ന മിടുക്കി ചേച്ചി. സ്ത്രീ വിദ്യാഭ്യാസത്തിന് വേണ്ടി പോരാടിയ മലാല യൂസഫ് സായിയെ പോലെ തോന്നി. സ്വന്തം പോരായ്മകളെ അതിജീവിച്ച് ലോകനേതാക്കന്മാരെ ചുട്ടെരിയിച്ച ആ തീക്ഷ്ണമായ നോട്ടം. അതിൽ എല്ലാം അടങ്ങിയിട്ടുണ്ട്.

'School Strike for Climate' എന്ന ആ പാത നമുക്കും പിന്തുടരാം അല്ലേ മാമാ...

എന്നെ ഏറെ വിഷമിപ്പിച്ച ഒരു കാര്യമുണ്ട്. ആമസോൺ മഴക്കാടുകളിലെ കാട്ടുതീ. എന്തൊരു കഷ്ടായിപ്പോയി. മനുഷ്യന്റെയും ജീവജാലങ്ങളുടെയും ആവാസവ്യവസ്ഥയെ മാറ്റി മറിച്ച കാട്ടുതീ. എത്രയോ ജീവജാലങ്ങളും വനങ്ങളും കത്തിനശിച്ചു. എത്ര നാളുകൾ കൊണ്ടാണ് ആ കാട്ടുതീ അണയ്ക്കാൻ സാധിച്ചത്? മരങ്ങൾ കത്തിനശിക്കാൻ കുറച്ച് സമയം മതി. ഒരു ചെടി നട്ടുവളർത്തി മരമായി മാറാൻ എത്ര വർഷങ്ങളും വേണം?

പിന്നെ, ഡൽഹി നഗരത്തിലെ വിഷപ്പുക! നമ്മുടെ നാടും നഗരവും വനങ്ങളും എല്ലാം നശിച്ചുപോകുകയാണല്ലോ മാമാ. കുട്ടികളടക്കമുള്ള എല്ലാവരും മാസ്ക് ധരിച്ചുകൊണ്ട് പോകുന്നത് കാണുമ്പോൾ വിഷമം തോന്നുന്നു. മനുഷ്യൻ തന്നെ മനുഷ്യനെ നശിപ്പിക്കുന്നതല്ലേ? ഒരു നല്ല നാളേയ്ക്കുവേണ്ടി നമുക്ക് കൂട്ടായി പ്രവർത്തിക്കാം.



യുറീക്കയും എന്റെ ടീച്ചറും പറഞ്ഞുതന്നപ്പോൾ ബോക്സ് പ്രൊജക്ടർ ഉണ്ടാക്കി സൂര്യഗ്രഹണവും കണ്ടു. കണ്ടിട്ടും മതിയാവാത്തത് കൊണ്ട് വെൽഡിങ് ഗ്ലാസ് കൊണ്ടും രണ്ട് തരം കണ്ണടകൾ അഡ്ജസ്റ്റ് ചെയ്തും തീരുന്നത് വരെ കണ്ടു. വെള്ളത്തിൽ നിന്നുള്ള പ്രതിബിംബം എന്ത് ഭംഗിയായിരുന്നെന്നോ? വെറുതെയും നോക്കി. അതിന് ഒരുപാട് വഴക്കും കേട്ടു. ഞങ്ങൾ കണ്ട സൂര്യഗ്രഹണത്തിന്റെ ഫോട്ടോയും കൂടി അയയ്ക്കാം കേട്ടോ.

***അഫ്നാൻ എം ഷാഫി,*** *5 ാം തരം, സെന്റ് തോമസ് ജി.എച്ച്. എസ്. പുത്തനങ്ങാടി, കോട്ടയം.*

## കാണുന്നതെങ്ങനെ ?

യുറീക്കേ, എന്താണ് ഇരുട്ട്? ഇരുട്ടിനെ നമ്മൾ കാണുന്നുണ്ടല്ലോ, അതെങ്ങനെയാണ്? വിശദീകരിച്ച് തരണേ. ആരും ഇതുവരേം പറഞ്ഞ് തന്നില്ല.

**ദേവനന്ദന എ എസ്,** 6, ചിന്മയ വിദ്യാലയം, കാട്ടാക്കട, തിരുവനന്തപുരം

*(വെളിച്ചം ഇല്ലാത്ത അവസ്ഥയാണ് ഇരുട്ട്.' ഇരുട്ടിനെയും വെളിച്ചത്തെയും നമ്മൾ കാണില്ല. വെളിച്ചമുണ്ടെങ്കിൽ വസ്തുക്കളെ കാണാം. കാണുന്നത് വെളിച്ചത്തെയല്ല. തീരെ വെളിച്ചമില്ലാത്ത അവസ്ഥ നമുക്ക് നിത്യജീവിതത്തിൽ ഇല്ല. രാത്രിയിലെ കൂരിരുട്ടിൽ പോലും നക്ഷത്രപ്രകാശവും ഭൂമിയുടെ മറുവശത്തുള്ള സൂര്യന്റെ പ്രകാശം അന്തരീക്ഷത്തിൽ തട്ടിച്ചിതറി എത്തുന്നതും എല്ലാം ഉണ്ടാകും.)*


e-mail: priyappettaeureke@gmail.com

Volume 41 No. 16 Eureka 2020 January 16, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.

# റിപ്പബ്ലിക്ക് ദിനം

ജനുവരി 26 റിപ്പബ്ലിക്ക് ദിനമാണെന്ന് നമുക്കറിയാം. എന്താണ് റിപ്പബ്ലിക്ക് ദിനമെന്നാൽ? അന്നാണ് നമ്മുടെ രാജ്യത്തിന്റെ പരമോന്നതമായ ഭരണഘടന നിലവിൽ വന്നത്. ഒരു രാജ്യത്തിന്റെ പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുകയും തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ മുഖേന അത് വിനിയോഗിക്കുകയും ചെയ്യുന്ന ഭരണ സമ്പ്രദായമാണ് റിപ്പബ്ലിക്.

1947 ൽ സ്വാതന്ത്ര്യം നേടിയെങ്കിലും നമുക്ക് നമ്മുടേതായ ഒരു ഭരണഘടന ഉണ്ടായിരുന്നില്ല. രാജ്യം ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന മൂല്യങ്ങളും പൌരന്മാരുടെ അവകാശങ്ങളും കടമകളും സർക്കാർ തലത്തിലുള്ള അധികാരങ്ങളും നടപടിക്രമങ്ങളും എല്ലാം വിശദമാക്കുന്നതാണ് ഭരണഘടന. രണ്ടു വർഷം, പതിനൊന്ന് മാസം, പതിനെട്ട് ദിവസം ഉപയോഗിച്ചുകൊണ്ടാണ് നമ്മുടെ ഭരണഘടന തയ്യാറാക്കിയത്.


ഇന്ത്യൻ ഭരണഘടനയുടെ
ആമുഖം

THE CONSTITUTION OF INDIA

WE, THE PEOPLE OF INDIA

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ,
ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,
മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി
സംവിധാനം ചെയ്യുന്നതിനും
ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും
സാമ്പത്തികവും രാഷ്ട്രീയവുമായ നീതി,
ചിന്ത, ആശയാവിഷ്കാരം, വിശ്വാസം,
ഭക്തി, ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,
സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള
സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും
വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും
അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം
എല്ലാവരിലും വളർത്തുന്നതിനും
ദൃഢനിശ്ചയം ചെയ്തുകൊണ്ട്
നമ്മുടെ ഭരണഘടനാസഭയിൽവച്ച്
ഇന്ന്, 1949 നവംബർ ഇരുപത്തിയാറാം തിയതി
ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിത്തന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.


ചിത്രം കടപ്പാട്: www.thehindu.com

Date of Publication : 09/1/2019 **EUREKA** Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20

License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20

Registered with the Newspaper Registrar of India under No:29524/78







Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES

SANDALS & BACKPACKS